(2) സാമാന്യമായി പൊതുതാൽപര്യമുള്ള സംഗതികൾ സംബന്ധിച്ച പ്രമേയങ്ങൾ

1. 1996-2001 കാലഘട്ടത്തിൽ ജനകീയാസൂത്രണ പ്രവർത്തനങ്ങളിലും മാനവീയം പരിപാടിയുടെ നടത്തിപ്പിലും ഉണ്ടായ ക്രമക്കേടുകളെ കുറിച്ചും മറ്റും പഠിച്ച് റിപ്പോർട്ട് സമർപ്പിക്കാൻ വിദഗ്ദ്ധ സമിതിയെ ചുമതലപ്പെടുത്തുന്നതുസംബന്ധിച്ച്

(ശ്രീ. പി. ടി. തോമസ് അധികാരപ്പെടുത്തിയതനുസരിച്ച് ശ്രീ. തന്വാനൂർ രവി 8-8-2003-ൽ അവതരിപ്പിച്ചതും ചർച്ച പൂർത്തിയാകാത്തതുമായ പ്രമേയം—ചർച്ച തുടർച്ച)

ശ്രീ. തന്വാനൂർ രവി: 8-8-2003-ൽ ശ്രീ. പി. ടി. തോമസിനുവേണ്ടി ഞാൻ അവതരിപ്പിച്ച പ്രമേയത്തിന്റെ ചർച്ച ഇന്ന് തുടരുകയാണ്. 1996 മുതൽ 2001 വരെ നടപ്പിലാക്കിയ ജനകീയാസൂത്രണ പരിപാടി, മാനവീയം പരിപാടി ഇവയിൽ രണ്ടിലുമുണ്ടായ ക്രമക്കേടുകൾ സംബന്ധിച്ച് വിശദമായ അന്വേഷണം നടത്താൻ ഒരു വിദഗ്ദ്ധ സമിതിയെ ചുമതലപ്പെടുത്തി, ഇതു സംബന്ധിച്ച റിപ്പോർട്ട് ഗവണ്മെന്റിനു നൽകി, കുറ്റക്കാരുടെ പേരിൽ വളരെ കർശനമായ നടപടി സ്വീകരിക്കണമെന്നതാണ് ഈ പ്രമേയത്തിന്റെ കാതൽ. വളരെ നല്ല ഉദ്ദേശ്യത്തോടുകൂടിയാണ് ഇവിടെ ജനകീയാസൂത്രണ പരിപാടി കൊണ്ടുവന്നത്. അന്തരിച്ച മുൻ പ്രധാനമന്ത്രി രാജീവ് ഗാന്ധി പ്രത്യേകം താൽപ്പര്യമെടുത്ത് നടപ്പിലാക്കിയതാണ് ത്രിതല സംവിധാനം. സ്വാതന്ത്ര്യ ലബ്ധിക്കുശേഷം ഇന്ത്യയിലെ ഗ്രാമങ്ങളുടെ വികസനത്തിനുവേണ്ടി കേന്ദ്ര ഗവണ്മെന്റ് നൽകുന്ന കോടിക്കണക്കിന് രൂപ അതർഹിക്കുന്ന കരങ്ങളിൽ കൃത്യസമയത്ത് എത്തുന്നില്ല എന്നതാണ് നമ്മുടെ നാടിനെ സംബന്ധിച്ച് നാമെല്ലാം പറഞ്ഞത്. അതിന് ഒരു മാറ്റം വരുത്തിക്കൊണ്ട് ത്രിതലസംവിധാനത്തിന് രൂപം നൽകിക്കൊണ്ട് ഗ്രാമപഞ്ചായത്തും ബ്ലോക്ക് പഞ്ചായത്തും, ജില്ലാ പഞ്ചായത്തും, ശക്തമായി ജനങ്ങളുടെ യഥാർത്ഥ പ്രശ്നം മനസ്സിലാക്കി നാട്ടിൽ വികസനം നടത്തണമെന്ന ഉദ്ദേശ്യത്തോടുകൂടിയാണ് ത്രിതല സംവിധാനം ഇന്ത്യയിൽ കൊണ്ടുവന്നത്. ഇന്ത്യയുടെ അന്നത്തെ പ്രധാനമന്ത്രി അന്തരിച്ച രാജീവ് ഗാന്ധി 1989 സെപ്റ്റംബർ 8-ാം തീയതി ഇൻഡ്യയിലെ എല്ലാ ജനപ്രതിനിധികൾക്ക് നേരിട്ട് കത്തെഴുതുകയുണ്ടായി. അതിന്റെ ആദ്യ പാരഗ്രാഫ്, "പ്രിയപ്പെട്ട സുഹൃത്തെ, മാസങ്ങളായി താങ്കളുടെ കാര്യം എന്റെ ഓർമ്മയിലുണ്ടായിരുന്നു. താങ്കളുടെ പഞ്ചായത്ത് പ്രദേശത്തിലെ കാര്യങ്ങൾ നോക്കുന്നതിനാണ് താങ്കളേയും മറ്റ് പഞ്ചായത്ത് അംഗങ്ങളേയും ജനങ്ങൾ തെരഞ്ഞെടുത്തിരിക്കുന്നത്. ദൗർഭാഗ്യകരമെന്നു പറയട്ടെ, നടപ്പാക്കാനാവശ്യമായ പരിപാടികളോ, അവയുടെ നടത്തിപ്പിനാവശ്യമായ പണമോ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ആശയും അഭിലാഷവും സാക്ഷാത്ക്കരിക്കുന്നത് ഉറപ്പാക്കുന്നതിനുള്ള അധികാരങ്ങൾ പോലുമോ താങ്കൾക്ക് ഒരിക്കലും നൽകപ്പെട്ടിട്ടില്ല. ഗ്രാമതലത്തിലെ ജനാധിപത്യം ശക്തമല്ലായെങ്കിൽ നമ്മുടെ ജനാധിപത്യ സംവിധാനത്തിന് കരുത്താർജ്ജിക്കുവാൻ സാധിക്കുകയില്ല. ഗ്രാമങ്ങളുടെ വികസനത്തിന്റെ ഉത്തരവാദിത്വം

LIBRARY ARCHIVES Kerala Legislative Assembly

പഞ്ചായത്തുകൾക്ക് നൽകുന്നില്ലായെങ്കിൽ, സ്വന്തം വികസനത്തിൽ ഗ്രാമീണ ജനതയെ പങ്കാളികളാക്കുന്നില്ലായെങ്കിൽ, രാജ്യത്ത് യഥാർത്ഥ വികസനം സാക്ഷാത്ക്കരിക്കുവാൻ സാധിക്കുകയില്ല" എന്ന് പറഞ്ഞുകൊണ്ട് ഏതാണ്ട് 10 പേജുള്ള വളരെ വിശദമായ കത്തുണ്ട്. "താങ്കൾ അഭിമുഖീകരിക്കുന്ന പ്രശ്നങ്ങളെക്കുറിച്ചും പഞ്ചായത്തിന്റെ സംവിധാനം മെച്ചപ്പെടുത്തുന്നതിനെക്കുറിച്ചും താങ്കളുടെ അഭിപ്രായങ്ങളെക്കുറിച്ച് ദയവായി എനിക്ക് എഴുതുവാൻ മടിക്കരുത്. നമ്മുടെ സ്വാതന്ത്ര്യത്തിന്റെ 42-ാം വാർഷികം അടുത്തയിടെ ആഘോഷിച്ചതേയുള്ളൂ . ഈ മംഗള മുഹൂർത്തത്തിൽ താങ്കൾക്ക് എന്റെ ആശംസകൾ, അഭിനന്ദനങ്ങൾ. താങ്കളുടെ വിശ്വസ്തൻ, രാജീവ് ഗാന്ധി."

ശ്രീ. കെ. സി. വേണുഗോപാൽ: അങ്ങ് ഇവിടെ സൂചിപ്പിച്ച കത്ത് ഇന്ത്യയുടെ പ്രധാനമന്ത്രിയായിരുന്ന രാജീവ് ഗാന്ധി ത്രിതല പഞ്ചായത്ത് സംവിധാനത്തിലും നമ്മുടെ അധികാര വികേന്ദ്രീകരണത്തിലും എത്രമാത്രം താൽപ്പര്യമുണ്ടായിരുന്നു എന്നുള്ളതിന്റെ പേരിൽ കൊണ്ടുവന്ന പ്രോജക്ടാണ്. അദ്ദേഹം കൊണ്ടുവന്ന ഈ കുഞ്ഞിനെ എന്റേതാണെന്ന് അവകാശപ്പെട്ടുകൊണ്ട് പിൽക്കാലത്ത് പലരും വന്ന വിവരം അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രീ. തന്നാനൂർ രവി: അതുകൊണ്ടാണ് ഞാൻ ആ കത്ത് ഇവിടെ വായിച്ചത്. ത്രിതല സംവിധാനത്തിലൂടെ ഇന്ത്യയുടെ ഗ്രാമങ്ങൾ രക്ഷപ്പെടണം. ഇന്ത്യ രക്ഷപ്പെടണമെങ്കിൽ ഇന്ത്യയിലെ ജനാധിപത്യം നിലനിൽക്കണം എന്ന് ഇന്ത്യയിൽ പണ്ഡിറ്റ് ജവഹർലാൽ നെഹ്റുവിനുശേഷം ഈ ആശയത്തിനു നേതൃത്വം നൽകിയ ആളാണ് രാജീവ് ഗാന്ധി. നിർഭാഗ്യവശാൽ അതിനുശേഷം ബഹുമാനപ്പെട്ട അംഗം സൂചിപ്പിച്ചതുപോലെ ഈ സഭയിൽത്തന്നെ പലപ്പോഴും പല രാഷ്ട്രീയ പാർട്ടികളും ഇതിന്റെ പിതൃത്വം ഏറ്റെടുക്കാൻ ശ്രമമുണ്ടായിട്ടുണ്ട്. ഞാൻ ചൂണ്ടിക്കാണിച്ചത് അത്രയും ഉദ്ദേശശുദ്ധിയോടുകൂടി രാജീവ് ഗാന്ധി രൂപകൽപ്പന ചെയ്ത ആ ത്രിതലസംവിധാനം ഇന്ത്യയിൽ ആദ്യമായി കേരളത്തിൽ സമഗ്രമായ ഒരു നിയമം, രാത്രി രണ്ടു മുന്നു മണിവരെ സഭ സമ്മേളിച്ച് ചർച്ച നടത്തിയാണ് കേരളത്തിൽ പാസാക്കിയത്.

ശ്രീ. ബി. വിജയകുമാർ: രാജീവ് ഗാന്ധി കൊണ്ടുവന്ന കുഞ്ഞിന്റെ പിതൃത്വം അവകാശപ്പെടുന്ന കാര്യത്തെക്കുറിച്ച് പറഞ്ഞു. അങ്ങനെ പിതൃത്വം അവകാശപ്പെടുന്ന ആളുകൾ എട്ടുകാലി മമ്മൂഞ്ഞുകളെപ്പോലെയാണെന്നുള്ളത് ബഹുമാനപ്പെട്ട മെമ്പർക്കറിയാമോ ?

ശ്രീ. തന്നാനൂർ രവി: എല്ലാ കാര്യത്തിലും അങ്ങനെയാണെന്നറിയാം. അത് ഇതിലും കാണിച്ചു എന്നു മാത്രമേയുള്ളൂ. അത്രയും നല്ല ലക്ഷ്യത്തോടുകൂടി.....

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: ഇതിന്റെ ലക്ഷ്യം ഏറ്റവും മനോഹരമാണെന്ന കാര്യത്തിൽ ഒരു തർക്കവുമില്ല. പ്രായോഗിക തലത്തിൽ വരുമ്പോൾ ആട്, മാട്, കോഴി ഇതൊക്കെ ഇതിന്റെ അടിസ്ഥാനത്തിൽ വിതരണം ചെയ്യുകയാണ്. ഞങ്ങളുടെ നാട്ടിൽ വിതരണം ചെയ്ത ആടുകൾ പഴത്തൊലി

LIBRARY ARCHIVES Kerala Legislative Assembly

മാത്രമേ കഴിക്കുകയുള്ളൂ. തിരക്കിയപ്പോൾ ഏതോ മലമ്പ്രദേശത്തുള്ള ആടുകളെ പിടിച്ച് ഇവിടെ കൊണ്ടുവന്ന് കൊടുത്തതാണെന്നാണ് അറിഞ്ഞത്. അവിടെ കൊടുക്കുന്ന മാട് വെള്ളം കുടിക്കുകയില്ല. ആടിനെ വളർത്താൻ പഴം വേണമെന്നുള്ള സ്ഥിതിയാണ്. ഈ രൂപത്തിൽ ഇതിനെ വികൃതമാക്കിയ, ഈ സംപ്രദായത്തിലുള്ള വൈകല്യം ഒഴിവാക്കുന്നതിന് പുതിയ നിയമം ഇന്ന് ആവശ്യമാണെന്ന് അങ്ങേയ്ക്ക് തോന്നിയിട്ടുണ്ടോ?

ശ്രീ. തമ്പാനൂർ രവി: ബഹുമാനപ്പെട്ട തിരുവഞ്ചൂർ പറഞ്ഞത് പൂർണ്ണമായും ശരിയാണ്. മുട്ടയിടാത്ത കോഴി, പുല്ല് തിന്നാത്ത പശു, വസ്ത്രങ്ങൾ മാത്രം തിന്നുന്ന പശു, ഇതായിരുന്നു അവർ വിതരണം ചെയ്തത്. ജനകീയാസൂത്രണത്തിന്റെ പേരിൽ വ്യക്തിപരമായ താൽപ്പര്യം സംരക്ഷിക്കാൻ വേണ്ടി ഈ പണം മുഴുവൻ രാഷ്ട്രീയ അടിസ്ഥാനത്തിൽ വിതരണം ചെയ്തു. എന്ത് ഉദ്ദേശമാണ് രാജീവ് ഗാന്ധി മനസ്സിൽ കണ്ടത് അതിന് കടകവിരുദ്ധമായ സമീപനമാണ് 1996 മുതൽ 2001 വരെ കേരളത്തിൽ നിലനിന്നത്.

ശ്രീ. കെ. വി. കുഞ്ഞിരാമൻ: അധികാര വികേന്ദ്രീകരണത്തേയും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെ ശക്തിപ്പെടുത്തേണ്ടതിന്റേയും എല്ലാം അവകാശം രാജീവ് ഗാന്ധിയിൽ ചാർത്തി ബാക്കിയുള്ള മുഴുവൻ ആളുകളേയും എട്ടുകാലി മമ്മൂഞ്ഞുകളാക്കുന്ന വിശദീകരണമാണല്ലോ ശ്രീ. ബി. വിജയകുമാറിന്റെ ഭാഗത്തുനിന്നും ഉണ്ടായത്. എന്റെ ചോദ്യം മഹാത്മാ ഗാന്ധിയുടെ ചിന്തയോളം പഴക്കമുള്ളതാണ് ഗ്രാമസ്വരാജ് എന്ന സങ്കൽപ്പം. ആ സങ്കൽപ്പം രാഷ്ട്രശിൽപ്പിയിലൂടെയാണ് രാജീവ് ഗാന്ധിയിലേയ്ക്ക് എത്തിച്ചേർന്നത്. ആ കണക്കിന് രാജീവ് ഗാന്ധിയേയും എട്ടുകാലി മമ്മൂഞ്ഞിന്റെ പട്ടികയിൽ നിങ്ങൾപെടുത്തുമോ?

ശ്രീ. തമ്പാനൂർ രവി: ബഹുമാനപ്പെട്ട കുഞ്ഞിരാമന്റെ ചോദ്യം അപ്രസക്തമാണ്.

ശ്രീ. ടി. എൻ. പ്രതാപൻ: ബഹുമാനപ്പെട്ട അംഗം രാജീവ് ഗാന്ധിയെ എട്ടുകാലി മമ്മൂഞ്ഞ് എന്ന രീതിയിൽ വിശേഷിപ്പിച്ചത് ദയവുചെയ്ത് പിൻവലിക്കണം. അത് ശരിയല്ല. എന്റെ ചോദ്യം പണ്ഡിറ്റ് ജവഹർലാൽ നെഹ്റു കൊണ്ടുവന്ന അധികാര വികേന്ദ്രീകരണവും കോൺഗ്രസ് ആണ് കൊണ്ടുവന്നത് എന്നുള്ളതുകൊണ്ട് ആ പേര് പറയാനുള്ള ദുരഭിമാനംമൂലം അതിനെ ജനകീയാസൂത്രണത്തിന്റെ പേര് പറഞ്ഞിട്ട് അധികാര വികേന്ദ്രീകരണത്തിന്റെ യഥാർത്ഥ ഉദ്ദേശശുദ്ധിയെ ചോദ്യം ചെയ്തവരാണ് ഇവർ എന്ന കാര്യം അങ്ങേയ്ക്കറിയാമോ?

[അദ്ധ്യക്ഷ വേദിയിൽ പാനൽ ഓഫ് ചെയർമാൻ ശ്രീ. വി. കെ. ചന്ദ്രൻ]

ശ്രീ. തമ്പാനൂർ രവി: സർ, ഏത് നല്ലകാര്യം ചെയ്താലും ഇവർ ഇങ്ങനെ തന്നെയാണ്. സ്വാശ്രയ കോളേജ് ബില്ലിന്റെ ചർച്ചയിൽ നമ്മൾ ഇവിടെ കണ്ടതാണ്. ഏത് നല്ലകാര്യം വന്നാലും അവർ അംഗീകരിക്കുവാൻ തയ്യാറാവില്ല. അതിനെക്കുറിച്ച് പറഞ്ഞിട്ട് കാര്യമില്ല. ശ്രീ. കെ. വി. കുഞ്ഞിരാമൻ ചോദിച്ച ചില

LIBRARY ARCHIVES Kerala Legislative Assembly

കണക്കുകൾ എന്റെ കൈവശമുണ്ട്. 1996 മുതൽ 2001 വരെയുള്ള അഞ്ചു വർഷക്കാലം ജനകീയാസൂത്രണം സംബന്ധിച്ച് എന്താണ് നടന്നത്? വ്യക്തിഗത ആനുകൂല്യങ്ങൾ നൽകുന്നതിനാണ് നിങ്ങൾ മുഴുവൻ തുകയും ചെലവാക്കിയത്. പെർഫോമൻസ് ആഡിറ്റ് നടന്നോ? അഞ്ചുവർഷക്കാലം ജനകീയാസൂത്രണം സംബന്ധിച്ച് ചെലവഴിച്ച തുകയുടെ 70 ശതമാനവും ആഡിറ്റ് ചെയ്തിട്ടില്ല. ഇന്നലെ എൽ.എ. വകുപ്പിന്റെ ചർച്ചയാണല്ലോ ഇവിടെ നടന്നത്? കഴിഞ്ഞ മൂന്നു വർഷക്കാലംകൊണ്ട് നിങ്ങൾ ചെയ്ത തെറ്റുകൾ തിരുത്തി കുറേക്കൂടി ട്രാൻസ്പേരന്റായി,.....

മി. ചെയർമാൻ: ബഹുമാനപ്പെട്ട അംഗത്തിന്റെ സമയം കഴിഞ്ഞു.

ശ്രീ. തന്വാനൂർ രവി: ഇന്ന് നോൺ ഒഫിഷ്യൽ ഡേ അല്ലേ? ഇത്രയും സ്ട്രിക്ടാകണ്ട സർ.

മി. ചെയർമാൻ: അങ്ങേയ്ക്ക് അഞ്ച് മിനിട്ടാണ് അനുവദിച്ചിരിക്കുന്നത്. അത് കഴിഞ്ഞ് ഇപ്പോൾ എട്ട് മിനിട്ടായി.

ശ്രീ. തന്വാനൂർ രവി: എനിക്ക് അഞ്ച് മിനിട്ടുകൂടെ അനുവദിക്കണം. എന്റെ സമയം, ചോദ്യത്തിന് വഴങ്ങി, കുറേ നഷ്ടമായി. ഇവിടെ രണ്ട് കാര്യങ്ങൾ ഞാൻ പറയാം. ഒന്ന് പെർഫോമൻസ് ആഡിറ്റിൽപ്പറഞ്ഞിരിക്കുന്നത് അഞ്ചുകൊല്ലക്കാലം വിനിയോഗിച്ച തുകയുടെ 70 ശതമാനത്തിലധികം ആഡിറ്റുചെയ്തില്ല. ആഡിറ്റ് ചെയ്ത തുകയിൽത്തന്നെ ക്രമക്കേടുണ്ട്. നിയമസഭയുടെ പെറ്റീഷൻസ് കമ്മിറ്റിയിൽ പരാതിവന്നു. ആലപ്പുഴ, പത്തനംതിട്ട ജില്ലകളിലെ ജനകീയാസൂത്രണ നടത്തിപ്പിനെപ്പറ്റി ക്രമക്കേടുകൾ സംബന്ധിച്ച പരാതികൾ വളരെ വിശദമായി പഠിച്ച് ആദ്യം ഈ കമ്മിറ്റി ഒരു റിപ്പോർട്ട് ഈ സഭയ്ക്ക് നൽകി. ഒന്നാമത്തെ റിപ്പോർട്ട് 2002 ജൂലായ് മാസം 16-ാം തീയതിയാണ് നൽകിയത്. രണ്ടാമത് റിപ്പോർട്ട് 2003 ജൂൺമാസം 16-ാം തീയതി ഈ സഭയ്ക്ക് സമർപ്പിച്ചു. ഇത് രണ്ടും ഇന്ന് സഭയുടെ രേഖകളാണ്. ഇതുകൂടാതെ ശ്രീ. ടി.കെ. ബാലനും ഞാനും അംഗമായ നിയമസഭയുടെ ലോക്കൽഫണ്ട് അക്കൗണ്ട്സ് കമ്മിറ്റിയിൽ വളരെ വിശദമായി ഈ കാര്യങ്ങൾ ഞങ്ങൾ പരിശോധിച്ചുകൊണ്ടിരിക്കുകയാണ്. ജനകീയാസൂത്രണത്തിന്റെ നടത്തിപ്പിൽ ഇത്രയേറെ ക്രമക്കേട്,.....

ശ്രീ. തോമസ് ചാഴികാടൻ: ബഹുമാനപ്പെട്ട മെമ്പർ ഇവിടെ പെറ്റീഷൻസ് കമ്മിറ്റിയുടെ രണ്ട് റിപ്പോർട്ടുകൾ സമർപ്പിക്കുയുണ്ടായിയെന്ന് സൂചിപ്പിച്ചു. ആ രണ്ട് റിപ്പോർട്ടിന്മേലും ഇതുവരെ യാതൊരു നടപടിയും ആയിട്ടില്ലെന്ന കാര്യം കൂടി അങ്ങ് പറയുമോ?

ശ്രീ. തന്വാനൂർ രവി: ഞാൻ അതിലേയ്ക്ക് വരികയാണ്. ഇത്ര ഗൗരവതരമായ,.....

മി. ചെയർമാൻ : അങ്ങ് കൺക്ലൂഡ് ചെയ്യണം. ഇപ്പോൾ പത്തുമിനിട്ടായി.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. തമ്പാനൂർ രവി: നിയമസഭയുടെ വിവിധ കമ്മിറ്റികൾ വളരെ ഗൗരവതരമായി പ്രശ്നങ്ങൾ പഠിച്ച് തെളിവെടുപ്പ് നടത്തി കൊടുത്ത റിപ്പോർട്ടുകൾ പലതും ഇന്ന് പൊടിപിടിച്ചുകിടക്കുകയാണ്. ഇതുപോലുള്ള വളരെ സുപ്രധാനമായ കാര്യത്തിൽ സംസ്ഥാന ഗവൺമെന്റിന്റെ ഖജനാവിൽനിന്ന് കോടികൾ ധൂർത്തടിച്ച സാഹചര്യത്തിലാണ് ദിവസങ്ങൾ ചെലവഴിച്ച് വളരെ വിശദമായി ഉദ്യോഗസ്ഥരിൽനിന്നും ജനപ്രതിനിധികളിൽനിന്നും തെളിവെടുത്ത് പദ്ധതി പ്രദേശമൊക്കെ സന്ദർശിച്ച് തയ്യാറാക്കിയ രണ്ട് റിപ്പോർട്ടുകൾ നിയമസഭയിൽ സമർപ്പിച്ചത്. അതിൽ ഒരു കാര്യത്തിനും പരിഹാരമുണ്ടായില്ല. നിയമസഭാ കമ്മിറ്റികൾ വളരെ പ്രധാനപ്പെട്ട കാര്യങ്ങൾ പഠിച്ച് തയ്യാറാക്കി നൽകുന്ന റിപ്പോർട്ടുകൾ നടപ്പാക്കുന്ന കാര്യത്തിൽ ഗവൺമെന്റ് ശുഷ്കാന്തികാണിക്കണം. .....(മൈക്ക് ഓഫ്)..... കൺവീനർമാർ പലരും ഇപ്പോൾ ഗൾഫിലാണ്. ഒരേ കൺവീനർ ഒന്നിലധികം ജോലികൾക്ക് അഡ്വാൻസ് വാങ്ങിയിട്ടുണ്ട്. .....(മൈക്ക് ഓഫ്).....നടപടി സ്വീകരിക്കുവാൻ കളക്ടർമാർക്ക് സമയമില്ല. ഞാൻ പറഞ്ഞ പെർഫോമൻസ് ആഡിറ്റ്,.....

മി. ചെയർമാൻ: പ്ലീസ് കൺക്ലൂഡ്.

ശ്രീ. തമ്പാനൂർ രവി : ഞാൻ കൺക്ലൂഡ് ചെയ്യാം. എനിക്ക് പറയുവാനുള്ളത്, ഇത് സംബന്ധിച്ച് വിശദമായ അന്വേഷണം നടത്തി ഇവിടെ പ്രമേയത്തിൽ പറഞ്ഞതുപോലെ.....(മൈക്ക് ഓഫ്).....ഉദ്യോഗസ്ഥന്മാർക്ക് ഉത്തരവാദിത്തമുണ്ട്. സംഭവിച്ചത് എന്താണ്? .....(മൈക്ക് ഓഫ്).....ഈ തുകയുടെ 70 ശതമാനത്തിന് ആഡിറ്റ് നടത്തിയില്ല. ആഡിറ്റ് നടത്തിയതിൽ 80 ശതമാനം ക്രമക്കേടാണ്. .....(മൈക്ക് ഓഫ്).....ആ ക്രമക്കേടുകൾ, നിയമസഭയുടെ പെറ്റീഷൻസ് കമ്മിറ്റി നൽകിയ റിപ്പോർട്ടും ലോക്കൽഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി നൽകിയ റിപ്പോർട്ടും ഒക്കെ സമഗ്രമായി പരിശോധിച്ചുകൊണ്ട് ഏത് മാർഗ്ഗമാണ് ഈ തുക ചോർന്നുപോയത്, എന്ന് കണ്ടെത്തി, അതിന് ഉത്തരവാദികളായവരെ കണ്ടുപിടിച്ച് നടപടി സ്വീകരിക്കുകയും മേലിൽ ഇത് ആവർത്തിക്കാതിരിക്കുവാൻ കഴിയുന്ന വളരെ സുതാര്യമായ, ജനകീയാസൂത്രണത്തിന്റെ പേരിലായാലും മാനവീയത്തിന്റെ പേരിലായാലും ഒരുകാരണവശാലും ഒരുരൂപയുടെപോലും ക്രമക്കേട് ഉണ്ടാകാതിരിക്കാൻ നടപടി സ്വീകരിക്കണം.....(മൈക്ക് ഓഫ്)..... ഉപ്പ് തിന്നവൻ വെള്ളംകുടിക്കും.....(മൈക്ക് ഓഫ്)..... ആ കച്ചവടംകണ്ടുപിടിച്ച്.....(മൈക്ക് ഓഫ്).....ഈ ക്രമക്കേട് അന്വേഷിക്കുവാൻ ഒരു കമ്മിറ്റിയെ നിയോഗിക്കണമെന്നാണ് എന്റെ അഭിപ്രായം, എന്റെ പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

മി. ചെയർമാൻ: പ്രമേയത്തെ പിന്താങ്ങിക്കൊണ്ട് ശ്രീ. അടൂർ പ്രകാശിന് സംസാരിക്കാവുന്നതാണ്.

ശ്രീ. അടൂർ പ്രകാശ്: സർ,

മി. ചെയർമാൻ: ചുരുക്കിപ്പറയണം. ഏഴ് മിനിട്ടാണ് സമയം. ഏഴ് മിനിട്ടെടുത്ത് അങ്ങേയ്ക്ക് സംസാരിക്കാം. നിശ്ചിത സമയത്തിനുള്ളിൽനിന്നുകൊണ്ട് സംസാരിക്കണം.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: പ്രൈവറ്റ് മെമ്പേഴ്സ് ദിവസത്തിനെങ്കിലും പ്രൈവറ്റ് മെമ്പേഴ്സിന് സംരക്ഷണം കൊടുക്കണം. ഇന്ന് നമുക്കുവേണ്ടി മാത്രമുള്ള ദിവസമാണ്.

മി. ചെയർമാൻ: അത് ശരിയാണ്.

ശ്രീ. അടൂർ പ്രകാശ്: എനിക്ക് അനുവദിക്കുന്ന സമയം ഇനിമുതലുള്ള സമയമാണ്.

മി. ചെയർമാൻ: അങ്ങേയ്ക്ക് അനുവദിച്ച സമയത്തിൽനിന്നുതന്നെ സംസാരിക്കുക.

ശ്രീ. അടൂർ പ്രകാശ്: സർ, ഇവിടെ ശ്രീ. തന്വാനൂർ രവി അവതരിപ്പിച്ച പ്രമേയത്തെ ഞാൻ അനുകൂലിക്കുകയാണ്. ജനകീയാസൂത്രണവുമായി ബന്ധപ്പെട്ടുകൊണ്ട് 1996 മുതൽ 2001 വരെയുള്ള കാലഘട്ടത്തിൽ നമ്മുടെ സംസ്ഥാനത്ത് നടന്ന അതിഭീകരമായ കൊള്ളയുടെ ഒരു ചിത്രം കേരളത്തിലെ ജനങ്ങളുടെ മുന്നിലുണ്ടെന്നുള്ളത് വ്യക്തമാണ്. ഇൻഡ്യൻ പ്രധാനമന്ത്രിയായിരുന്ന രാജീവ് ഗാന്ധി പഞ്ചായത്ത് നിയമത്തിലൂടെ നമ്മുടെ രാജ്യത്തിന്റെ വികസന പ്രവർത്തനങ്ങൾ നടപ്പാക്കുന്നതിനുവേണ്ടി ആസൂത്രണം ചെയ്ത ഈ പരിപാടിയെത്തന്നെ തകർത്തുകൊണ്ട്, അതിന്റെ ഉദ്ദേശലക്ഷ്യങ്ങളെ തകർത്തു കൊണ്ട് മുന്നോട്ടുപോകുന്ന ഏർപ്പാടാണ് ജനകീയാസൂത്രണമെന്ന ഓമനപ്പേരിൽ നമ്മുടെ സംസ്ഥാനത്ത് 1996 മുതൽ 2001 വരെ വിവിധ പഞ്ചായത്തുകളിലൂടെ നടപ്പാക്കിക്കൊണ്ടിരുന്നത്. അതുകൊണ്ട് എന്ത് സംഭവിച്ചുവെന്ന് ചോദിച്ചാൽ നമ്മുടെ സംസ്ഥാനത്തിന്റെ കോടിക്കണക്കിന് രൂപ എവിടെപ്പോയീയെന്ന് ഇന്ന് ആർക്കും ഒരു വ്യക്തതയുമില്ല. എന്റെ നിയോജകമണ്ഡലത്തിലെ പഞ്ചായത്തുകളിൽ നടന്ന അഴിമതികളെക്കുറിച്ച് കഴിഞ്ഞ സഭയിൽ ഞാൻ അംഗമായിരുന്നപ്പോൾ ഞാൻതന്നെ ഈ സഭയിൽ പലവട്ടം എഴുതിക്കൊടുത്ത് അന്വേഷണം നടത്തണമെന്ന് ആവശ്യപ്പെട്ടിട്ടുള്ളതാണ്. അത്തരം കാര്യങ്ങളിൽ യാതൊരു നടപടിയും കൈക്കൊള്ളുവാൻ ഗവൺമെന്റ് തയ്യാറായില്ലെന്ന് മാത്രമല്ല അതിന് ആവശ്യമായ പ്രോൽസാഹനം കൊടുത്തുകൊണ്ടുമിരുന്നു. സംസ്ഥാനത്തെ മൊത്തം പഞ്ചായത്തുകൾ ത്രിതല പഞ്ചായത്തുകളുടെ ഭാഗമെന്ന നിലയിൽ പ്രവർത്തിക്കുന്നതിന്, കോടിക്കണക്കിന് രൂപയുടെ അഴിമതി നടപ്പാക്കാൻ, അന്നത്തെ ആളുകൾക്ക് ഏറെ പ്രചോദനം കൊടുക്കുന്ന ഒരു നിലപാടാണ് അന്ന് സ്വീകരിച്ചിരുന്നത്. ജനകീയാസൂത്രണത്തെക്കുറിച്ച് പറയുമ്പോൾ, നിരവധി മേഖലകളിൽ, നിരവധി പഞ്ചായത്തുകളിൽ ജനകീയാസൂത്രണത്തിന്റെ പേരിൽത്തന്നെ തമ്മിൽത്തല്ലുണ്ടായിട്ടുണ്ട്. അതിന്റെ കാരണം പങ്ക് വയ്ക്കുന്നതിലുള്ള ഏറ്റക്കുറച്ചിലായിരുന്നു. ഓരോ മെമ്പർമാർക്കും, ആ മെമ്പർമാരെ നിയന്ത്രിക്കുന്ന പാർട്ടിയുടെ സഖാക്കന്മാർക്ക് അവർ ഉദ്ദേശിച്ച തരത്തിൽ

LIBRARY ARCHIVES Kerala Legislative Assembly

കാര്യങ്ങൾ നിയന്ത്രിക്കുവാൻ കഴിയാതെ പോയപ്പോൾ വലിയ കോവാഹവങ്ങൾ ഈ സംസ്ഥാനത്ത് നടന്നു. ഇപ്പോൾ 1400 കോടിരൂപ ഈ സാമ്പത്തികവർഷം തന്നെ പഞ്ചായത്തുകൾക്ക് കൊടുക്കുകയാണ്.

ശ്രീ. കെ. കെ. ഷാജു: കഴിഞ്ഞ ബി.ജെ.പി. ഗവൺമെന്റിന്റെ കാലത്ത് നടന്നുവെന്നുപറയുന്ന മുദ്രപത്ര കുംഭകോണത്തെക്കാളും ശ്രീ. ലാലു പ്രസാദിനെതിരെയുള്ള കാലിത്തീറ്റ കുംഭകോണത്തെക്കാളും അതിഭീകരമായ കുംഭകോണമാണ് ജനകീയാസൂത്രണത്തിന്റെ പേരിൽ ഇവിടെ നടന്നതെന്ന് അങ്ങേയ്ക്കറിയാമോ?

ശ്രീ. അടൂർ പ്രകാശ്: ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞത് ശരിയാണ്. ഞാനും അതുതന്നെയാണ് പറഞ്ഞുവരുന്നത്. ഏതാണ്ട് അയ്യായിരത്തിലധികം കോടി രൂപയുടെ വെട്ടിപ്പ് നടന്നുവെന്നാണ് ഇവിടെപറഞ്ഞത്. അത് പത്രത്തിൽ വന്നതാണ്. ഇതുവരെയും ഇല്ലാത്ത തരത്തിൽ ഈ വർഷം 1400 കോടിരൂപ കൊടുത്തു.

ശ്രീ. ടി. കെ. ബാലൻ: സർ, ബഹുമാനപ്പെട്ട അടൂർപ്രകാശ് ഉൾപ്പെടുന്ന ലോക്കൽഫണ്ട് ആഡിറ്റ് കമ്മിറ്റിയിൽ അടുത്ത കാലത്തായി വന്നിട്ടുള്ള ചില റിപ്പോർട്ടുകളുണ്ട്. അതിന്റെ പൂർണ്ണവിവരം സഭയിൽ പറയുന്നത് ശരിയല്ല. പക്ഷേ ഒരു കാര്യം നമുക്കറിയാം. 1996-ൽ ജനകീയാസൂത്രണം നടപ്പിലാക്കിയിട്ടില്ല. 1998 മുതലാണ് നടപ്പാക്കിയത്. 1998 മുതൽ നടപ്പാക്കിയിട്ടുള്ള ജനകീയാസൂത്രണപദ്ധതികളിൽ ഇന്ന് പരിശോധനയ്ക്ക് വിധേയമാക്കിയിട്ടുള്ള പലതിലും എൽ.ഡി.എഫ്. എന്നോ യു.ഡി.എഫ്. എന്നോ വകഭേദമില്ലാതെ ചില ക്രമക്കേടുകൾ നമ്മൾ കണ്ടെത്തിയിട്ടുണ്ട് എന്നുള്ളത് ഒരു വാസ്തവമാണ്. അതിനെ എന്തിനാണ് രാഷ്ട്രീയമായി കാണുന്നത്? കേരളാ ഗവൺമെന്റിന്റെ കീഴിലുള്ള വകുപ്പുകൾ കൊടുക്കുന്ന പണം ചെലവഴിക്കുന്നതിലൊക്കെ ഒരുപാട് അപാകതകൾ വർഷങ്ങളായി ഉണ്ടായിട്ടുണ്ട്. അതൊക്കെ രാഷ്ട്രീയമായി വേർതിരിച്ച് എൽ.ഡി.എഫ്.-ന്റെ പഞ്ചായത്തിൽ നടന്നതാണെന്നു പറയുന്നത് യാഥാർത്ഥ്യത്തിന് വിരുദ്ധമല്ലേ?

ശ്രീ. അടൂർ പ്രകാശ്: ബാലേട്ടനും ഞാനും ലോക്കൽ ഫണ്ട് ആഡിറ്റ് കമ്മിറ്റിയിലെ അംഗങ്ങളാണ്. അതുകൊണ്ട് പല കാര്യങ്ങളും അറിയാൻ അവസരം ലഭിച്ചിട്ടുണ്ട്. തിരുവനന്തപുരം, കോഴിക്കോട് തുടങ്ങിയ കോർപ്പറേഷനുകളിലൊക്കെ നടന്ന അഴിമതികളെക്കുറിച്ച് കമ്മിറ്റിയിൽ വന്നു. ഇതൊക്കെ ആരാണ് ഭരിക്കുന്നത്? ഇതിന്റെ ഭരണകർത്താക്കൾ ആരായിരുന്നു എന്നുള്ളത് നമ്മൾ പരിശോധിക്കണ്ടേ? ആ കാര്യങ്ങൾ നമ്മൾ പരിശോധന നടത്തണം. ഒരു ഭാഗത്തുമാത്രം ഉണ്ടായി എന്നു ഞാൻ പറയുന്നില്ല. നീതിപൂർവ്വമായ ഒരു വിലയിരുത്തൽ നടത്തിയാൽ നമുക്ക് ഒരു കാര്യം കാണാൻ കഴിയും. പഞ്ചായത്ത് തെരഞ്ഞെടുപ്പ് നടക്കുമ്പോൾ വളരെ വാശിയോടുകൂടി എല്ലാവരും തെരഞ്ഞെടുപ്പിൽ മൽസരിക്കുന്നു, സ്ഥാനാർത്ഥികളെ നിർത്തുന്നു, വിജയിക്കുന്നു. അവർ ഓരോ രാഷ്ട്രീയ പാർട്ടികളുടേയും വക്താക്കളായി നിൽക്കുന്നവരാണെന്ന് നമുക്ക് അവകാശപ്പെടാൻ കഴിയുമോ? അതല്ല ഇന്ന് നടക്കുന്നത്. ഇപ്പോൾ അവരെല്ലാം ഒറ്റക്കെട്ടായി മുന്നോട്ടു

LIBRARY ARCHIVES Kerala Legislative Assembly

പോകുകയാണ്. എന്താണ് കാരണം? 1400 കോടിയിലധികം രൂപ നമ്മുടെ സംസ്ഥാന ഗവൺമെന്റിൽ നിന്ന് കൊടുക്കുമ്പോൾ അത് പല തട്ടുകളിലായി വീതം വയ്ക്കുന്ന കാര്യത്തിൽ അവർ ഒറ്റക്കെട്ടായി നീങ്ങുകയാണ്. ആ അപകട സ്ഥിതിയെക്കുറിച്ചാണ് ഇവിടെ ചൂണ്ടിക്കാണിക്കുന്നത്. ആ അപകടസ്ഥിതി....

ശ്രീ. ബി. വിജയകുമാർ: സർ, ബഹുമാനപ്പെട്ട ടി. കെ. ബാലൻ രാഷ്ട്രീയമായി ഇതിനെ കാണരുത് എന്ന് പറയുകയുണ്ടായി. എങ്ങനെയാണ് ഇതിനെ രാഷ്ട്രീയമായി കാണാതിരിക്കുന്നത്? എന്റെ നിയോജകമണ്ഡലത്തിൽ മാർക്സിസ്റ്റുപാർട്ടിയുടെ നിയന്ത്രണത്തിലുള്ള സമദർശിനി എന്ന ഒരു സഹകാര്യ ഗ്രന്ഥശാലയുണ്ട്. ആ ഗ്രന്ഥശാലയ്ക്ക് ജനകീയാസൂത്രണത്തിന്റെ പേരിൽ 25 ലക്ഷം രൂപ ബ്ലോക്കിൽ നിന്ന് കൊടുത്തു. ആ 25 ലക്ഷം രൂപയിൽ നിന്ന് 5 ലക്ഷം രൂപപോലും ആ കെട്ടിടത്തിന്റെ നിർമ്മാണത്തിന് ചെലവഴിച്ചിട്ടില്ല എന്നു മാത്രമല്ല, മാർക്സിസ്റ്റു പാർട്ടി അവിടെ തമ്മിലടിച്ച് ഇന്ന് കെട്ടിടം പണി പൂർത്തിയാക്കിയിട്ടില്ല എന്നുള്ളത് അങ്ങേയ്ക്ക് അറിയാമോ? പിന്നെ എങ്ങനെയാണ് രാഷ്ട്രീയമായി പറയാതിരിക്കുന്നത്?

ശ്രീ. അടൂർ പ്രകാശ്: ഇതുപോലുള്ള ഒട്ടനവധി അഴിമതികൾ നമ്മുടെ സംസ്ഥാനത്ത് നടക്കുകയാണ്. ചില കാര്യങ്ങൾ നമ്മൾ പരിശോധിക്കണം. പണം അനുവദിക്കുന്നതുകൊണ്ടുള്ള പ്രയോജനം നമ്മുടെ സംസ്ഥാനത്തെ ജനങ്ങൾക്ക് എത്രമാത്രം ഉണ്ടായിട്ടുണ്ട് എന്നുള്ളത് സംബന്ധിച്ച് ഇവാലുവേറ്റ് ചെയ്യണ്ടേ? ആടുകളെ കൊടുക്കുന്നതും പശുക്കളെ കൊടുക്കുന്നതും സംബന്ധിച്ചുള്ള ഒട്ടനവധി കഥകൾ നമ്മൾ പത്രങ്ങളിൽ വായിച്ചതാണ്. അതിനെക്കുറിച്ച് ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ ഇവിടെ പറയുകയുണ്ടായി. ഒരു വീട്ടിൽ നിൽക്കുന്ന പശുവിനെ കൊണ്ടുവന്ന് ഒരു ചെറിയിൽ തുളയിടുക, എന്നിട്ട് അതിനെ കൊണ്ടുപോയി അടുത്ത ആളിന് കൊടുക്കുക തുടങ്ങിയ എത്രയെത്ര കാര്യങ്ങൾ ഈ സംസ്ഥാനത്തു നടക്കുന്നു. അത്രമാത്രം കാര്യങ്ങൾ നടക്കുന്നു എന്നു പറയുമ്പോൾ മുടായിട്ട് കാര്യമില്ല. ജനങ്ങൾക്ക് പ്രയോജനപ്രദമാകുന്ന തരത്തിലേയ്ക്ക് ഇതു കൊണ്ടുപോകുന്നതിനുവേണ്ടിയുള്ള നടപടികൾ സംസ്ഥാനത്ത് ഉണ്ടാക്കുന്നതിനെ കുറിച്ച് ആലോചിക്കണമെന്നാണ് എനിക്ക് സൂചിപ്പിക്കാനുള്ളത്. ഈ പണം ചെലവാക്കുന്നു എന്നുള്ളതുകൊണ്ട് എന്തെങ്കിലും നേട്ടമുണ്ടായിട്ടുണ്ടോ? ഇക്കണോമിക് റിവ്യൂവിൽ പല കാര്യങ്ങളെ സംബന്ധിച്ചും കണക്കുകൾ വന്നിട്ടുണ്ട്. ആടിനേയും പശുവിനേയും കൊടുത്ത കണക്കു നോക്കിയാൽ ഇവിടെ പാലിന്റെ ഉൽപ്പാദനം വർദ്ധിക്കണ്ടേ? ഇവിടെ ക്ഷീരവിപ്ലവം നടക്കണ്ടേ? ഇക്കണോമിക് റിവ്യൂവിൽ പറഞ്ഞിരിക്കുന്ന ആധികാരികമായ കണക്കാണ്...

ശ്രീ. പ്രയാർ ഗോപാലകൃഷ്ണൻ: ഏട്ടിലെ പശു പുല്ലു തിന്നില്ല എന്നായിരുന്നു പഴമൊഴി. അത് ജനകീയാസൂത്രണത്തിലെ പശു പുല്ലും തിന്നുന്നില്ല, പാലും തരുന്നില്ല എന്നു മാറ്റിയ കാര്യം അങ്ങേയ്ക്കറിയാമോ?

ശ്രീ. അടൂർ പ്രകാശ്: സർ, അതു ശരിയാണ്.

LIBRARY ARCHIVES Kerala Legislative Assembly

1998-ൽ 27 മെട്രിക് ടൺ ആയിരുന്നു പാലിന്റെ ഉൽപ്പാദനമെങ്കിൽ 2002-03-ൽ പ്ലാനിംഗ്ബോർഡിന്റെ കണക്കനുസരിച്ചുതന്നെ അത് 23 ലക്ഷം മെട്രിക് ടണ്ണായി കുറഞ്ഞിരിക്കുന്നു. ഇതെങ്ങനെയാണ് ഉണ്ടായത്? ആടിനേയും പശുവിനേയും കൊടുത്ത കണക്കനുസരിച്ചാണെങ്കിൽ പ്രൊഡക്ഷൻ കൂടണ്ടേ? ആടിന്റെ പോപ്പുലേഷൻ ഇക്കണോമിക് റിവ്യൂവിൽ പറയുന്നത്, 1997-98-ൽ 16 ലക്ഷമാണ്. ഇപ്പോഴത് 12 ലക്ഷമായി കുറഞ്ഞിരിക്കുന്നു. ഇതൊക്കെ ഈ പദ്ധതി നടപ്പാക്കുന്ന കാര്യത്തിൽ ഉണ്ടായിട്ടുള്ള വീഴ്ചകളാണ്. അത് സഭ അറിഞ്ഞിരിക്കേണ്ട ഒരു കാര്യമാണ്. 1400 കോടി രൂപ ഈ വർഷം കൊടുത്തതിനെപ്പറ്റി ഞാൻ നേരത്തേ സൂചിപ്പിച്ചു. 1400 കോടി രൂപ കൊടുക്കുമ്പോൾ നമ്മുടെ പ്രൊഡക്ഷൻ ഭാഗത്ത് അല്ലെങ്കിൽ ഇൻഫ്രാസ്ട്രക്ചർ ഉണ്ടാക്കുന്ന കാര്യത്തിൽ 10 ശതമാനം നേട്ടമെങ്കിലും ഉണ്ടാക്കാൻ കഴിഞ്ഞിട്ടുണ്ടോ എന്നൊരു പരിശോധന വേണ്ടേ? ആരെങ്കിലും പരിശോധിക്കണ്ടേ? ഇതിനെക്കുറിച്ച് ഒരു പരിശോധന നടത്തണം. ശ്രീ. തനാനൂർ രവി പറഞ്ഞതുപോലെ ഇതിന് കാര്യമാത്രപ്രസക്തമായ ഒരന്വേഷണം തന്നെയുണ്ടാകണം. പ്ലാനിംഗ്ബോർഡിനേയോ സി.ഡി.എസ്. പോലുള്ള ഏജൻസിയേയോ ഈ അന്വേഷണം ഏൽപ്പിച്ചിട്ട് കാര്യമില്ല. അവരൊക്കെ ഇതുമായി ബന്ധപ്പെട്ട ചില തീരുമാനങ്ങൾ എടുക്കുന്ന ആളുകളായതുകൊണ്ട് അത്തരം ഏജൻസികളെ ഏൽപ്പിച്ചതുകൊണ്ട് പ്രയോജനമില്ല. ഒരു ഇൻഡിപെൻഡന്റ് ഏജൻസിയെക്കൊണ്ടുതന്നെ കഴിഞ്ഞ കാലങ്ങളിൽ, നിരന്തരമായി നടന്നുകൊണ്ടിരിക്കുന്ന അഴിമതികളെക്കുറിച്ച് കാര്യക്ഷമതയോടുകൂടിയുള്ള ഒരന്വേഷണം നടത്തണം. അതിനുള്ള നടപടികൾ ഉണ്ടാകണം. ശ്രീ. തനാനൂർ രവി ഇവടെ സൂചിപ്പിച്ചു. 'കഴിഞ്ഞ സഭാ സമ്മേളനകാലത്ത് പെറ്റീഷൻ കമ്മിറ്റി പല പ്രാവശ്യം ആലപ്പുഴയിലും പത്തനംതിട്ടയിലും പോയി ജനപ്രതിനിധികളുമായും ഉദ്യോഗസ്ഥന്മാരുമായും തെളിവെടുപ്പു നടത്തി. അവിടെ നടപ്പാക്കിയ പരിപാടികൾ കാണുന്നതിനുവേണ്ടി പല സ്ഥലങ്ങളിലും പോയി. പക്ഷേ നേരിട്ടുപോയെങ്കിലും പലതും കാണാൻ കഴിഞ്ഞില്ല എന്നുള്ള പെറ്റീഷൻ കമ്മിറ്റിയുടെ റിപ്പോർട്ട് സഭയിൽ കൊടുത്തിട്ടുപോലും ഒരു നടപടികളും ഇതുവരെ ഉണ്ടായിട്ടില്ല' എന്ന്. സഭ ഏൽപ്പിക്കുന്ന ഇത്തരം കാര്യങ്ങൾ അന്വേഷിച്ച് അതിനുള്ള നടപടികൾ സ്വീകരിക്കണമെന്ന് ആവശ്യപ്പെട്ടാൽ തീർച്ചയായും അതിൽ നടപടികൾ ഉണ്ടാകണം, അതു വെളിച്ചം കാണണമെന്ന് ഈ അവസരത്തിൽ സൂചിപ്പിക്കുകയാണ്. ഇവിടെ അവതരിപ്പിച്ച പ്രമേയത്തെ ഞാൻ ഒരിക്കൽക്കൂടി അനുകൂലിക്കുന്നു. അന്വേഷണനടപടികൾ ത്വരിതപ്പെടുത്താൻ ഒരു ഇൻഡിപെൻഡന്റ് ഏജൻസിയെ ഏർപ്പെടുത്തണമെന്നാവശ്യപ്പെട്ടുകൊണ്ട്, പ്രമേയത്തെ പിൻതാങ്ങിക്കൊണ്ട് എന്റെ വാക്കുകൾ നിർത്തുന്നു.

മി. ചെയർമാൻ: പ്രമേയത്തിന് ഭേദഗതി നിർദ്ദേശിച്ച ശ്രീ. എം. വി. ജയരാജന് ഭേദഗതി അവതരിപ്പിക്കാവുന്നതാണ്.

ശ്രീ. എം. വി. ജയരാജൻ: സർ, ഞാൻ എന്റെ ഭേദഗതി മൂവ് ചെയ്യുകയാണ്. പ്രമേയത്തിന്റെ അവസാനഭാഗത്ത് "പ്രവർത്തനങ്ങളുടെ നേട്ട-കോട്ടങ്ങളെക്കുറിച്ചും" എന്നതിനുശേഷം താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക:

LIBRARY ARCHIVES Kerala Legislative Assembly

"ഇപ്പോഴത്തെ ഗവൺമെന്റ് അധികാരത്തിൽ വന്നശേഷം (2001 മേയ് മാസം മുതൽ) തദ്ദേശസ്വയംഭരണസ്ഥാപനങ്ങളുടെ പദ്ധതിവിഹിതം വെട്ടിക്കുറച്ചതിനെക്കുറിച്ചും ട്രഷറിയിൽ നിന്നും പദ്ധതി വിഹിതമായ 854 കോടി രൂപ മരവിപ്പിക്കാനും തിരിച്ചുപിടിക്കാനും തീരുമാനിച്ചതിനെക്കുറിച്ചും അതുവഴി ജനകീയാസൂത്രണത്തേയും അധികാരവികേന്ദ്രീകരണത്തേയും തകർക്കുന്നതിനെക്കുറിച്ചും."

ശ്രീ. കെ. പി. രാജേന്ദ്രൻ: സർ, ദുരുദ്ദേശത്തോടുകൂടിയാണ് ശ്രീ. തമ്പാനൂർ രവി ഈ പ്രമേയം കൊണ്ടുവന്നിരിക്കുന്നത്. അതുകൊണ്ട് ഇതിനെ അനുകൂലിക്കാൻ പ്രയാസമാണ്. കഴിഞ്ഞ അഞ്ചു വർഷക്കാലമുള്ള പീരീഡിൽ പഞ്ചായത്തുകൾക്ക് അധികാരം കൊടുത്തുകൊണ്ടുള്ള ഒരു പരീക്ഷണം, ഒരു പുതിയ പദ്ധതി എന്ന രീതിയിൽ ലോകത്തിന്റെ മുഴുവൻ ശ്രദ്ധയും പിടിച്ചുപറ്റുന്ന വിധത്തിൽ അധികാരവികേന്ദ്രീകരണം നടപ്പാക്കുന്ന സന്ദർഭത്തിൽ ഗ്രാമ പഞ്ചായത്തുകളും മറ്റു തദ്ദേശസ്വയംഭരണസ്ഥാപനങ്ങളുമൊക്കെ അത് ഏറ്റെടുത്ത സന്ദർഭത്തിൽ, പുതിയൊരു വിപ്ലവാത്മകമായ നടപടിയിലേയ്ക്ക് വരുന്ന സന്ദർഭത്തിൽ, ചില പോരായ്മകൾ, പരിചയക്കുറവ്, പുതിയൊരു സംരംഭം ഏറ്റെടുക്കുമ്പോഴുണ്ടാകുന്ന സാങ്കേതികമായ പരിജ്ഞാനക്കുറവ് വന്നപ്പോൾ നമ്മുടെ പഞ്ചായത്തുകളിലും മുനിസിപ്പാലിറ്റികളിലുമൊക്കെ ചില പോരായ്മകൾ സംഭവിച്ചിട്ടുണ്ട് എന്നുള്ളത് അംഗീകരിക്കുകയാണ്. ലോക്കൽ ഫണ്ട് ആഡിറ്റ് കമ്മിറ്റിയെക്കുറിച്ച് ഇവിടെ പറഞ്ഞു. ശ്രീ. എം. മുരളി ചെയർമാനായി നിയമസഭ രൂപീകരിച്ച പുതിയ കമ്മിറ്റിയാണ്. ഞാനും ശ്രീ. ടി.കെ. ബാലൻ, ശ്രീ. അടൂർപ്രകാശ്, ശ്രീ. കെ. കെ. ഷാജു എന്നിവരൊക്കെ ആ കമ്മിറ്റിയിൽ മെമ്പർമാരാണ്. ഇപ്പോൾ പഞ്ചായത്തുകളുടേയും മുനിസിപ്പാലിറ്റികളുടേയും കോർപ്പറേഷനുകളുടേയും കാര്യങ്ങൾ പരിശോധിക്കുകയാണ്. യു.ഡി.എഫ്-ന്റെ നേതൃത്വത്തിലുള്ള എത്രയോ പഞ്ചായത്തുകൾ അതിലുണ്ട്. തൃശൂർ കോർപ്പറേഷൻ ഉൾപ്പെടെ നിരവധി പഞ്ചായത്തുകൾ, ബ്ലോക്ക് പഞ്ചായത്തുകൾ ഉണ്ട്. അതെല്ലാം എൽ.ഡി.എഫ് ഭരിച്ചത്, യു.ഡി.എഫ്. ഭരിച്ചത് എന്നുള്ള അടിസ്ഥാനത്തിൽ അല്ല അതിലുള്ള പോരായ്മകൾ നമ്മൾ കണ്ടത് സാങ്കേതികമായിട്ടുള്ള ന്യൂനതകളും, പരിചയക്കുറവുമുണ്ട്. പുതിയ മെമ്പർമാരും പുതിയ പ്രസിഡന്റുമാരും വരുമ്പോഴുള്ള പരിചയക്കുറവാണ്. ധാരാളം പേരും പുതിയ അംഗങ്ങളാണ്. പ്ലാനിംഗ് ബോർഡിന്റേയും തദ്ദേശസ്വയംഭരണ വകുപ്പിന്റേയും അതിരു കടന്ന രീതിയിലുള്ള ഡയറക്ഷൻസ്, ഇടപെടലുകൾ, സാങ്കേതിക അനുമതി കൊടുക്കുന്നതിൽ ഉണ്ടായിട്ടുള്ള ഇടപെടലുകൾ, എങ്ങനെ ഫണ്ട് ചെലവഴിക്കണമെന്ന രീതിയിലുള്ള ഗവൺമെന്റിന്റെ ഉത്തരവുകൾ, മാർച്ച് 31-നു മുമ്പ് ചെലവഴിക്കണം അല്ലെങ്കിൽ അതിന്റെ സാങ്കേതിക അനുമതി വാങ്ങിക്കണം എന്ന രീതിയിൽ വരുന്ന ബുദ്ധിമുട്ടുകൾ തുടങ്ങിയവയുണ്ട്. ആ പ്രയാസങ്ങളാണ് ലോക്കൽ ഫണ്ട് ആഡിറ്റ് കമ്മിറ്റി ചൂണ്ടിക്കാണിച്ചത്. അതു തിരുത്തി കുറ്റമറ്റ വിധത്തിൽ പഞ്ചായത്തുകൾക്ക് കൊടുക്കുന്നതിനുള്ള അധികാരം വേണ്ട രീതിയിൽ വിനിയോഗിക്കണം. അക്കാര്യത്തിൽ നമ്മൾ തമ്മിൽ അഭിപ്രായവ്യത്യാസമില്ലല്ലോ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, ഇവിടെ നിങ്ങൾ ലോക്കൽ ബോഡികളെപ്പറ്റിയുള്ള അന്വേഷണം നടത്തിക്കൊണ്ടിരിക്കുകയാണല്ലോ, ആ അക്കൗണ്ടുകൾ മുൻ ഗവൺമെന്റിന്റെകാലത്ത് ചെലവാക്കിയ അക്കൗണ്ടു കളാണെന്ന് അറിയാമല്ലോ. അന്ന് പ്ലാനിംഗ് ബോർഡ് ഇടപെട്ടു എന്നു പറഞ്ഞാൽ അത് ഡോ. തോമസ് ഐസക് അടക്കം മെമ്പർമാരായിട്ടുള്ള ബോർഡിനെതിരായിട്ടുള്ള എറ്റവും വലിയ ആക്ഷേപമാണ്. അത് അറിഞ്ഞുകൊണ്ടുതന്നെ അങ്ങു പറഞ്ഞതാണെന്ന് എനിക്കറിയാം; എങ്കിലും അതിൽ തന്നെ അങ്ങ് ഉറച്ചുനിൽക്കുകയല്ലേ?

ശ്രീ. കെ. പി. രാജേന്ദ്രൻ: കഴിഞ്ഞ പ്ലാനിംഗ് ബോർഡായാലും ഇപ്പോഴത്തെ പ്ലാനിംഗ് ബോർഡായാലും—ഇവിടെ ശ്രീ. പി.പി. ജോർജ്ജ് പ്ലാനിംഗ് ബോർഡിനെതിരായി സൂപ്പർ ക്യാബിനറ്റായി പ്രവർത്തിക്കുന്നു എന്നുപറഞ്ഞ് അതിശക്തിയായി ആക്ഷേപം ഉന്നയിച്ചില്ലേ —ഈ മാസം തദ്ദേശസ്വയംഭരണ വകുപ്പ് ഇറക്കിയ ഉത്തരവിനെപ്പറ്റി പഞ്ചായത്ത് പ്രസിഡന്റുമാരും മുനിസിപ്പൽ ചെയർമാൻമാരുമൊക്കെ ഞങ്ങളെ അറിയിച്ചു. നിങ്ങൾ അതൊക്കെ കുറ്റമറ്റതാക്കാൻ ഉദ്ദേശിക്കുന്നുണ്ടെങ്കിൽ ഇതുപോലുള്ള ഉത്തരവ് ഇറക്കില്ലല്ലോ. ഇപ്പോൾ തദ്ദേശസ്വയംഭരണ വകുപ്പ് ഇറക്കിയ ഉത്തരവിൽ പറയുന്നത് പഞ്ചായത്ത്, മുനിസിപ്പാലിറ്റി, കോർപ്പറേഷൻ ഇവ അവയുടെ ഫണ്ടിൽനിന്നും ആവശ്യമുള്ള പണമെടുത്ത് വാക്വംക്ലീനർ വാങ്ങണമെന്നാണ്. നല്ലകാര്യം. ഞങ്ങളാരും അതിന് എതിരു പറയുകയില്ല. പക്ഷേ ആ ഉത്തരവിന്റെ രണ്ടാം ഭാഗത്ത് പറയുന്നത് കൊച്ചിയിലുള്ള ഒരു സ്ഥാപനത്തിൽ നിന്നും, ഞാൻ ആ സ്ഥാപനത്തിന്റേയോ അതുണ്ടാക്കിയ കമ്പനിയുടേയോ പേരു പറയുന്നില്ല, ഡെൽഹിയിലുള്ള ഒരു കമ്പനി മാത്രം ഉല്പാദിപ്പിക്കുന്ന വാക്വംക്ലീനർ വാങ്ങാൻ പണം ചെലവഴിക്കണമെന്നാണ്. ആ ഉത്തരവിന്റെ കോപ്പി എന്റെ കൈയിലുണ്ട്. അതല്ലേ നിങ്ങൾ പഞ്ചായത്തു പ്രസിഡന്റുമാരോടും മുനിസിപ്പൽ ചെയർമാനോടും കോർപ്പറേഷൻ മേയറോടും പറയുന്നത്? പ്രസ്തുത ഉത്തരവനുസരിച്ചുള്ള കമ്പനിയുടെ കൊച്ചിയിലെ ഏജൻസിയിൽ നിന്നും ആ പ്രത്യേക ഉല്പന്നം തന്നെ വാങ്ങണമെന്നുപറഞ്ഞാൽ അത് ശരിയാണോ? അതുപോലെ അക്ഷയ പദ്ധതി സംബന്ധിച്ച് ഇവിടെ പറഞ്ഞു, വീടുകളിൽ മുഴുവൻ തൊഴിൽ കൊടുക്കണ്ട, കഞ്ഞി കുടിച്ചില്ലെങ്കിലും കംപ്യൂട്ടർ പഠിക്കണമെന്നുള്ള ഒരു പുതിയ കാഴ്ചപ്പാട് വന്നിട്ടുണ്ടല്ലോ. അവിടെയുള്ള പഞ്ചായത്തുകളും മുനിസിപ്പാലിറ്റിയും കോർപ്പറേഷനും 5 ലക്ഷവും 8 ലക്ഷവും 10 ലക്ഷവും രൂപ നിർബന്ധമായും നീക്കിവച്ചിരിക്കണമെന്നാണ് പറയുന്നത്. എന്തിനാണ് അങ്ങനെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെമേൽ ഈ നിയന്ത്രണം വയ്ക്കുന്നത്?

ശ്രീ. അടൂർ പ്രകാശ്: സർ, ബഹുമാനപ്പെട്ട കെ.പി. രാജേന്ദ്രൻ വാക്വം ക്ലീനർ വാങ്ങുന്ന കാര്യം ഇവിടെ പറഞ്ഞല്ലോ, അങ്ങുകൂടി അംഗമായിരുന്ന കഴിഞ്ഞ ഗവൺമെന്റിന്റെ കാലഘട്ടത്തിൽ പഞ്ചായത്തുകളിൽ ഫോട്ടോസ്റ്റാറ്റ് മെഷീൻ വാങ്ങുന്നതിനുവേണ്ടി നേരിട്ട് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് ഉത്തരവു കൊടുത്തതിനെക്കുറിച്ച് അറിയാമോ?

ശ്രീ. കെ. പി. രാജേന്ദ്രൻ: അതറിയാം, അത് തെറ്റായിട്ട് ആയിരുന്നതു കൊണ്ടാണല്ലോ വാങ്ങാതിരുന്നത്, ആ ഉത്തരവ് നടപ്പാക്കിയില്ലല്ലോ. ഫോട്ടോസ്റ്റാറ്റ് മെഷീൻ ഒരു പ്രത്യേക കമ്പനിയിൽ നിന്നും വാങ്ങണമെന്ന് തീരുമാനിച്ചില്ല. പഞ്ചായത്തുകളും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും ഫോട്ടോസ്റ്റാറ്റ് മെഷീൻ വാങ്ങണമെന്നുമാത്രമേ തീരുമാനിച്ചിട്ടുള്ളൂ. ഇവിടെ വാകും ക്ലീനർ അങ്ങനെയല്ല, കമ്പനിയുടെ പേരും കൊച്ചിയിലെ സ്ഥാപനത്തിന്റെ പേരും നൽകിയിട്ട് വാങ്ങിയിരിക്കണമെന്ന് നിർബന്ധമായി പറയുകയാണ്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് അതിനുള്ള സാങ്കേതിക പരിജ്ഞാനവും അതിനുള്ള ഉദ്യോഗസ്ഥന്മാരേയും വിട്ടുകൊടുക്കുക, ആ ഉദ്യോഗസ്ഥന്മാർക്ക് ആ സംവിധാനമുപയോഗപ്പെടുത്തി അവർക്കാവശ്യമുള്ള പദ്ധതികൾ ആവിഷ്ക്കരിച്ച് നടപ്പാക്കാൻ ആവശ്യമായ ബഡ്ജറ്ററി സപ്പോർട്ടും ആവശ്യമായ സാങ്കേതിക സഹായവും അതിനാവശ്യമായ രാഷ്ട്രീയമായ സപ്പോർട്ടും കൊടുത്താൽ ഈ പദ്ധതികളൊക്കെ നടപ്പാക്കാൻ സാധിക്കും. അതുകൊണ്ട് ദുരുദ്ദേശത്തോടുകൂടി കൊണ്ടുവന്നിട്ടുള്ള ഈ പ്രമേയം നിങ്ങൾകൂടി ഭരണത്തിലുള്ള പഞ്ചായത്തുകൾക്കും മുനിസിപ്പാലിറ്റികൾക്കും അവയിലെ ഭരണസമിതികളുടെ ചുമതല വഹിക്കുന്ന പരിണതപ്രജ്ഞരായ ആളുകളെയൊക്കെ അപകീർത്തി പെടുത്തുന്നതാണ്. അതുകൊണ്ട് അത് പിൻവലിക്കണം. മറിച്ച് പഞ്ചായത്തുകളുടെ, മുനിസിപ്പാലിറ്റികളുടെ ഭരണം കുറ്റമറ്റ വിധത്തിൽ, നല്ല രീതിയിൽ ഫലപ്രദമായി കൊണ്ടുപോകാൻ ലീഗ് ഉൾപ്പെടെയുള്ളവരുടെ സപ്പോർട്ടും സഹായവും ആവശ്യമായ രീതിയിൽ ഉണ്ടാകണം, ലോക്കൽ ഫണ്ട് ബോർഡിന്റെയൊക്കെ നിർദ്ദേശങ്ങളും ഇക്കാര്യത്തിൽ ഉണ്ടായിട്ടുണ്ട്. അതിനനുസരിച്ച് നല്ല രീതിയിൽ നടത്തിക്കൊണ്ടു പോകാൻ സഹായിക്കുക, അതിനുള്ള പൊതു അഭിപ്രായമാണ് ഇവിടെയുണ്ടാകേണ്ടത്. മറിച്ച് ഈ പ്രമേയം വളരെ ദുരുദ്ദേശത്തോടുകൂടി കൊണ്ടു വന്നതായതുകൊണ്ടാണ് ഞാൻ അതിനെ എതിർക്കുന്നത്.

ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്: സർ, ഞാൻ ഈ പ്രമേയത്തെ പിന്താങ്ങുകയാണ്. ജനകീയാസൂത്രണ പദ്ധതി വളരെ നല്ല ആശയമുള്ള നല്ല പദ്ധതിയാണെന്ന് പറയാതെ നിർവ്വാഹമില്ല. പക്ഷേ നമ്മുടെ രാഷ്ട്രപിതാവിന്റേയും രാഷ്ട്രശില്പിയുടേയും അതുപോലെ മഹാനായ രാജീവ് ഗാന്ധിയുടേയുമൊക്കെ ആശയാദർശങ്ങൾക്ക് യോജിച്ച വിധത്തിൽ അത് നടപ്പാക്കുന്നതിൽ നമ്മൾ പരാജയപ്പെട്ടു എന്നുള്ളതാണ് ഒരു വസ്തുത. ഇവിടെ ശ്രീ. കെ. പി. രാജേന്ദ്രൻ സൂചിപ്പിച്ചതുപോലെ ജനകീയാസൂത്രണ പദ്ധതി നടപ്പിലാക്കുന്നതിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് പരിപൂർണ്ണമായ അധികാരവും അവകാശവും സ്വാതന്ത്ര്യവും കൊടുക്കുന്നതിൽ നമ്മൾ പരാജയപ്പെട്ടു. പ്ലാനിംഗ് ബോർഡിന്റെ അമിതമായ കടന്നുകയറ്റവും അമിതമായ രീതിയിലുള്ള നിർദ്ദേശങ്ങളും ഉത്തരവുകളും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് നൽകിയത് ഈ പദ്ധതി നടപ്പാക്കുന്നതിൽ ബുദ്ധിമുട്ടുണ്ടാക്കി എന്നുള്ളതാണ് ആ പദ്ധതി കൊണ്ടുണ്ടായ ഏറ്റവും വലിയ പ്രതികൂലമായ ഒരു കാര്യം. അതോടൊപ്പംതന്നെ രാഷ്ട്രീയ അതിപ്രസരം വിദഗ്ദ്ധ സമിതികളിലെല്ലാം മാർക്സിസ്റ്റു പാർട്ടിയുടെ അംഗങ്ങളെ കുത്തിച്ചെലുത്തിവച്ചിരിക്കുന്നതിന് ഇടയാക്കി.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ടി. കെ. ദേവകുമാർ: സർ, മലപ്പുറത്ത് ആരെയാണ് വച്ചിരിക്കുന്നത്?

ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി: മലപ്പുറത്തും മാർക്സിസ്റ്റുകാരെ തന്നെയാണ് കുത്തിച്ചെലുത്തിയിട്ടുള്ളത് എന്നകാര്യം അങ്ങേയ്ക്ക് അറിയാമോ? ഞങ്ങളവരെ മെരുക്കിയെടുത്ത് കാര്യങ്ങൾ നന്നായി നടപ്പിലാക്കുന്നു എന്നുള്ളതല്ലേ സത്യം?

ശ്രീ. റി. കെ. ഇബ്രാഹിം കുഞ്ഞ്: മലപ്പുറത്ത് വാസ്തവത്തിൽ ജനകീയാസൂത്രണത്തിന്റെ നല്ല വശങ്ങളെ ശരിക്കും പിന്താങ്ങിയല്ലോ. എങ്കിലും മാർക്സിസ്റ്റു പാർട്ടിയുടെ കടന്നാക്രമണവും കടന്നുകയറ്റവും അറിടെയുണ്ടായി എന്നുള്ളതാണ് അതിന്റെ ഒരു പ്രധാന സത്യം. അതിനെ ചെറുത്തുനിൽക്കാൻ നമുക്ക് സാധിച്ചു.

ശ്രീ. ബി. വിജയകുമാർ: സർ, ഈ പ്രമേയത്തെ എതിർത്തുകൊണ്ട് ശ്രീ. കെ. പി. രാജേന്ദ്രൻ ഇവിടെ സംസാരിച്ചു. അന്ന് ജനകീയാസൂത്രണ കാലഘട്ടത്തിൽ കോഴിക്കോട് ഒരു ചുവരെഴുത്തുവന്നു. ആടും കൂടും സി.പി.എം.-കാർക്ക്, ആട്ടും തുപ്പും സി.പി.ഐ.-ക്ക്, ആട്ടിൻ കാഷ്ഠം നാട്ടുകാർക്ക്. ഇത് ജനങ്ങൾ എഴുതിവച്ച മുദ്രാവാക്യമാണ്. നിങ്ങളത് കണ്ടിരിക്കും.

ശ്രീ. റി. കെ. ഇബ്രാഹിം കുഞ്ഞ്: ജനകീയാസൂത്രണത്തിന്റെ കാര്യത്തിൽ സി.പി.ഐ.-ക്ക് വ്യത്യസ്തമായ നിലപാടുണ്ടായിരുന്നിരിക്കാം, പക്ഷേ അവരുടെ അനുഭവങ്ങളിൽ നിന്നും.....

ശ്രീ. സി. പി. മുഹമ്മദ്: സർ, അധികാരവികേന്ദ്രീകരണമായാലും പ്രാദേശികാസൂത്രണമായാലും അത് നല്ല ആശയമാണ്. അത് മഹാത്മാഗാന്ധി മുതൽ രാജീവ് ഗാന്ധിവരെ അംഗീകരിച്ചിരുന്നതാണ്. നമ്മുടെ ഭാരതീയ സംസ്കാരത്തിലെ നാട്ടുകൂട്ടമൊക്കെ അതിന്റെ പ്രാകൃതരൂപമാണ്. പക്ഷേ ഇവിടെ ഇതല്ല പ്രശ്നം, ഇവിടെ ഗ്രാമപഞ്ചായത്തുകളുടെ പ്രസിഡന്റുമാരും ഭരണസമിതി അംഗങ്ങളും കക്ഷിരാഷ്ട്രീയത്തിനതീതമായി ഇത് കൈകാര്യം ചെയ്യുന്നതിനു പകരം മാർക്സിസ്റ്റു പഞ്ചായത്ത് പ്രസിഡന്റുമാരും കോൺഗ്രസ് പഞ്ചായത്ത് പ്രസിഡന്റുമാരും ലീഗ് പഞ്ചായത്ത് പ്രസിഡന്റുമാരും മാത്രമാകുന്നതാണ് അതിലെ അപകടം. പഞ്ചായത്ത് ഭരണസമിതികൾ തീരുമാനമെടുക്കുന്നതിന്റെ തലേദിവസം പാർട്ടിയുടെ ഫോറംകൂടി ആർക്ക് കക്കൂസ് കൊടുക്കണം, ആർക്ക് ആട് കൊടുക്കണം, ആർക്ക് കോഴി കൊടുക്കണമെന്നുള്ള രീതി നടപ്പാക്കിയ സ്ഥലത്തൊക്കെ ഇത് പരിപൂർണ്ണമായി പരാജയപ്പെട്ടു. അപൂർവ്വം പേരെങ്കിലും ശരിയായ പഞ്ചായത്തു പ്രസിഡന്റുമാരായി ആക്ട് ചെയ്ത സ്ഥലത്ത് ഇത് വിജയിക്കുകയും ചെയ്തു. അതുകൊണ്ട് ഈ രാഷ്ട്രീയ അതിപ്രസരം ഗ്രാമ പഞ്ചായത്തുകളുടെ പ്രവർത്തനത്തെ ബാധിക്കാതിരിക്കാൻ അതിന് നേതൃത്വം കൊടുക്കുന്ന രാഷ്ട്രീയ പ്രസ്ഥാനങ്ങൾ തയ്യാറാകുകയാണ് വേണ്ടതെന്ന് അങ്ങേയ്ക്ക് അറിയാമോ?

ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്: അതുകൊണ്ടാണ് ഞാൻ പറഞ്ഞത് നമ്മുടെ മഹത്തായ ആശയത്തെ ഈ കോലത്തിലെത്തിക്കാൻ സഹായിച്ചത് മാർക്സിസ്റ്റു പാർട്ടിയുടെ രാഷ്ട്രീയാതിപ്രസരം കൊണ്ടാണ് എന്ന്. ഇത് വലിയ മഹത്തായ പ്രസ്ഥാനമായി വളർത്തിയെടുക്കാൻ നമുക്ക് സാധിക്കുമായിരുന്നു. എന്നാൽ അത് കോവത്തിലായെന്നു മാത്രമല്ല, അതിനെപ്പറ്റി ഒരു വികലമായ ധാരണതന്നെ ജനങ്ങൾക്കുണ്ടാകുകയും ചെയ്തു എന്നുള്ളതാണ് സത്യം.

ശ്രീ. ടി. കെ. ബാലൻ: സർ, ജനകീയാസൂത്രണത്തെപ്പറ്റി വളരെ വികലമായ ധാരണയാണുണ്ടായതെന്ന് പറഞ്ഞു. പക്ഷേ കോൺഗ്രസ്സുകാരനായിട്ടുള്ള മുഖ്യമന്ത്രി, മധ്യപ്രദേശിലെ മുൻ മുഖ്യമന്ത്രി ശ്രീ. ദിഗ് വിജയ്സിംഗ്,
11.00 a.m.] ഇന്ത്യൻ യൂണിയൻ പ്രസിഡന്റ്, എന്തിനേറെ ഈയിടെ പതിനൊന്നാം ധനകാര്യക്കമ്മീഷന്റെ ചെയർമാനായി വന്നിട്ടുള്ള ശ്രീ. രംഗരാജൻ തന്നെ പറഞ്ഞതു ഞങ്ങൾ കൂടുതൽ പണം കേരളത്തിനു കൊടുക്കുന്നതിനെപ്പറ്റി ആലോചിക്കുമെന്നാണ്. എന്താണ് കാരണം? ഏറ്റവും സ്തുത്യർഹമായി കഴിഞ്ഞ അഞ്ചുവർഷവും ജനകീയാസൂത്രണം നടപ്പിലാക്കിയിട്ടുള്ള ഒരു സ്റ്റേറ്റാണ് കേരളം എന്നു പറഞ്ഞിട്ടുള്ളതു അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്: ജനകീയാസൂത്രണത്തെ സംബന്ധിച്ചു മാത്രമല്ല, പല നല്ല പരിപാടികളും ആദ്യമായി നടപ്പിലാക്കുന്ന, പല നല്ല ആദർശങ്ങളും നടപ്പിലാക്കുന്ന, മഹാത്മാഗാന്ധിയുടെയും രാഷ്ട്രശില്പി ജവഹർലാൽ നെഹ്റുവിന്റെയും രാജീവ് ഗാന്ധിയുടെയുമൊക്കെ നല്ല ഉദ്ദേശത്തോടുകൂടിയുള്ള പല പരിപാടികളും ആദ്യമായി നടപ്പിലാക്കിയിട്ടുള്ള സംസ്ഥാനമാണ് കേരളം.

ശ്രീ. കെ. സി. ജോസഫ്: ജനകീയാസൂത്രണം നടപ്പാക്കിയ, അതിന്റെ മുഖ്യ ശില്പിയായ ഡോ. ഇക്ബാലിനെ പാർട്ടി പുറത്താക്കുകയും ഡോ. തോമസ് ഐസക്കിനെ പാർട്ടി പുറത്താക്കാനുള്ള പാതയിൽ നിർത്തുകയും ചെയ്തിരിക്കുകയാണ് എന്നുള്ള കാര്യം അങ്ങേയ്ക്കറിയാമോ?

ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്: അന്നത്തെ പല വിദ്ഗ്ദ്ധന്മാരുടെ പേരിലും പല നടപടികളും ഇപ്പോൾ വന്നുകൊണ്ടിരിക്കുകയാണ്. ജനകീയാസൂത്രണം നടപ്പാക്കുന്നതിനുവേണ്ടി ഉണ്ടാക്കിയ സമിതികളുടെ കുഴപ്പങ്ങളാണ് പല പ്രശ്നങ്ങൾക്കും കാരണമായത്.

ശ്രീ. എ. കെ. ബാലൻ: ജനകീയാസൂത്രണത്തിന്റെ ഭാഗമായി ഏറ്റവുമധികം കോഴികളെ വിതരണം ചെയ്തത് മലപ്പുറം ജില്ലയിലാണ്. ഏറ്റവും കൂടുതൽ കോഴികൾ ഉള്ളതും മലപ്പുറം ജില്ലയിലാണെന്നുള്ള കാര്യം ബഹുമാനപ്പെട്ട മെമ്പറുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്: പക്ഷേ ആ കോഴികളൊന്നും മുട്ടയിടുന്നില്ല എന്നുള്ളതാണ് ഒരു സത്യം. അന്നുണ്ടാക്കിയ വിദഗ്ദ്ധസമിതികളുടെ കടന്നാക്രമണം മൂലം തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾക്ക് സ്വതന്ത്രമായി പ്രവർത്തിക്കാൻ സാധിക്കാതെ വരികയും അങ്ങനെ വികലമായി

LIBRARY ARCHIVES Kerala Legislative Assembly

പോകുകയുമാണുണ്ടായത്. പല പഞ്ചായത്തുകളിലും മുനിസിപ്പാലിറ്റികളിലും ഇതിൽ വളരെയേറെ കൃത്രിമങ്ങൾ നടന്നിട്ടുണ്ട് എന്ന് ബോദ്ധ്യപ്പെട്ടിരിക്കുകയാണ്. അവ ഇപ്പോൾ ലോക്കൽ ഫണ്ട് ആഡിറ്റിന്റെ പരിഗണനയിൽ ഇരിക്കുകയാണ്. ബാലേട്ടൻ ഉൾപ്പെടെയുള്ള ആളുകൾ അക്കാര്യം സമ്മതിച്ചിരിക്കുകയാണ്. ഈ പ്രമേയത്തിൽ ഉൾക്കൊള്ളുന്ന പ്രധാനപ്പെട്ട ഒരു സംഗതി, ഒരു വിദഗ്ദ്ധ സമിതി ഇതിനെപ്പറ്റി പഠിച്ച് ഗവൺമെന്റിൽ ഒരു നിർദ്ദേശം വയ്ക്കട്ടെ. അതനുസരിച്ച് നടപടികൾ എടുക്കാം. ഇനി വരുന്ന പദ്ധതികൾക്കുകൂടി ഇതു നല്ല ദിശാബോധം നൽകുമെന്നുള്ള ഒരു അഭിപ്രായമാണ് എനിക്കുള്ളത്.

ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ: ഇന്നിപ്പോൾ നമുക്ക് നാലു പ്രമേയങ്ങളുണ്ട്. ഇതു കഴിഞ്ഞും പ്രമേയത്തിന്റെ ചർച്ചയാണ്. ഇനി മൂന്നു പ്രമേയം ഉണ്ട്. ഞാൻ പറയുന്നത്, അവസാനത്തെ അഞ്ചു മിനിട്ടെങ്കിലും ബാക്കി വച്ച് ഞാൻ നോട്ടീസ് നൽകിയിട്ടുള്ള പ്രമേയം ഫ്ളോറിൽ നിന്നും പോകാത്ത നിലയിൽ ആക്കിത്തരണം. കാര്യമെന്താണെന്നുവച്ചാൽ ഞങ്ങളുടെയൊക്കെ പ്രമേയം എന്നു പറയുന്നത് ഈ സഭ ഒന്നായിട്ടു പാസ്സാക്കേണ്ട പ്രമേയമാണ്. അഞ്ചു മിനിട്ടെങ്കിലും ബാക്കി വയ്ക്കണം. ഇതൊന്നു ഫ്ളോറിൽ അവതരിപ്പിക്കാനുള്ള അവസരം തരണം.

ഇൻഫർമേഷനും പാർലമെന്ററി കാര്യവും വകുപ്പുമന്ത്രി (ശ്രീ. എം. എം. ഹസ്സൻ): സർ, അല്പം സമയം നിയന്ത്രിച്ചാൽ എല്ലാ പ്രമേയങ്ങളും എടുക്കാൻ സാധിക്കും. എല്ലാം പ്രധാനപ്പെട്ട പ്രമേയങ്ങളാണ്.

ശ്രീ. കെ. സി. വേണുഗോപാൽ: നാലാമത്തെ പ്രമേയം കേരളത്തിൽ ഒരു ഐ.ഐ.ടി. വേണമെന്നുള്ളതാണ്. കേരളത്തിന്റെ ഒരു പൊതുവായിട്ടുള്ള ആവശ്യമാണ്. ഇപ്പോൾ കേന്ദ്ര ഗവൺമെന്റ് അതിനെക്കുറിച്ച് ആലോചിക്കുന്ന സമയമാണ്. നിയമസഭ കൂട്ടായി ഒരു പ്രമേയം പാസ്സാക്കുന്നു എന്നു പറഞ്ഞാൽ അതു നല്ലതാണ്. അതുകൊണ്ട് ആ പ്രമേയം പോകാതെ നിൽക്കണമെങ്കിൽ അവസാനത്തെ അഞ്ചു മിനിട്ടു അതിനുവേണ്ടി നീക്കി വയ്ക്കണം.

ശ്രീ. തോമസ് ചാഴികാടൻ: സർ, നമ്മുടെ രാഷ്ട്രപിതാവിന്റെയും മഹാനായ മുൻപ്രധാനമന്ത്രി രാജീവ് ഗാന്ധിയുടെയുമൊക്കെ സ്വപ്നമായിരുന്നു അധികാര വികേന്ദ്രീകരണം എന്നത്. അതിവിടെ നടപ്പിലാക്കിയപ്പോൾ അധികാര വികേന്ദ്രീകരണത്തിനു പകരം അഴിമതി വികേന്ദ്രീകരണത്തിനുള്ള ഒരു വേദിയായി. കഴിഞ്ഞ അഞ്ചു വർഷക്കാലം—1996 മുതൽ 2001 വരെയുള്ള കാലഘട്ടം—മാറിപ്പോയി എന്നതാണ് വാസ്തവം. ഇതു സംബന്ധിച്ച് നിരവധി കമ്മീഷനുകൾ അന്വേഷണം നടത്തുകയുണ്ടായി. ബഹുമാന്യനായ പാർലമെന്ററി കാര്യമന്ത്രി എം. എം. ഹസ്സൻ ചെയർമാനായിട്ടുള്ള യു.ഡി.എഫ്.-ന്റെ ഒരുസമിതി യുണ്ടായിരുന്നു. ഞങ്ങളൊക്കെ അതിൽ അംഗങ്ങളായിരുന്നു. ഞങ്ങൾ അന്വേഷണം നടത്തി. ആ കമ്മിറ്റി വിശദമായി ഒരു റിപ്പോർട്ടു കൊടുത്തിട്ടുണ്ട്. ശ്രീ. മാമ്മൻ മത്തായി ചെയർമാനായിട്ടുള്ള നിയമസഭയുടെ പെറ്റീഷൻസ് കമ്മിറ്റി രണ്ടു റിപ്പോർട്ടുകൾ നിയമസഭയിൽ അവതരിപ്പിച്ചു. അതു ഇന്നും പൊടി പിടിച്ചു കിടക്കുകയാണ്. അതുപോലെതന്നെ ഗവൺമെന്റ് ആഡിറ്റ് നടത്തുന്നതിനു നടപടികൾ സ്വീകരിച്ചു. 30 ശതമാനം ആഡിറ്റ് മാത്രമേ നടന്നിട്ടുള്ളൂ. എനിക്കു

LIBRARY ARCHIVES Kerala Legislative Assembly

പറയുവാനുള്ളത് ഈ കമ്മിറ്റികളുടെയൊക്കെ റിപ്പോർട്ടുകൾ പരിഗണിച്ച് അടിയന്തിരമായി അതിന്മേൽ നടപടികൾ സ്വീകരിക്കുവാൻ ഗവൺമെന്റ് തയ്യാറാകണം എന്നാണ്. ഇവിടെ ആ കാലഘട്ടത്തിൽ നടന്ന ദുർവിനിയോഗത്തെ കുറിച്ച് പറഞ്ഞാൽ മണിക്കൂറുകൾ സംസാരിക്കാൻ ഉണ്ട്. അതിൽ പാർട്ടി വ്യത്യാസമില്ലായിരുന്നു എന്നു ഞാൻ പറയും. അധികാരവികേന്ദ്രീകരണം അഴിമതി വികേന്ദ്രീകരണമാക്കി മാറ്റിയ ഒരു സാഹചര്യം അന്നുണ്ടായി. അധികാര വികേന്ദ്രീകരണത്തിനുപകരം അധികാര കേന്ദ്രീകരണം നടന്നതിനെക്കുറിച്ച് ഇവിടെ സൂചിപ്പിച്ചു. അന്നത്തെ പ്ളാനിംഗ് ബോർഡിലേയ്ക്ക് അധികാരം മുഴുവൻ കേന്ദ്രീകരിക്കുന്ന സാഹചര്യത്തിലേയ്ക്കാണ് കാര്യങ്ങൾ പോയത്. ഉദാഹരണത്തിന് അന്നത്തെ പഞ്ചായത്തുകളും പല സമിതികളും പണം ഹൗസിംഗ് ബോർഡിൽ ഡെപ്പോസിറ്റു ചെയ്തു. ഇലക്ട്രിസിറ്റി ബോർഡിൽ, വാട്ടർ അതോറിറ്റിയിലൊക്കെ ഡെപ്പോസിറ്റു ചെയ്ത തുകകൾ ഇന്നും വിനിയോഗിക്കാതെ, പദ്ധതികൾ നടപ്പാക്കാതെ കിടക്കുന്നു എന്നതാണ് യാഥാർത്ഥ്യം. അങ്ങനെയുള്ള ഫണ്ടുകൾ എത്രയും വേഗം നാട്ടുകാർക്ക് പ്രയോജനപ്രദമായി വിനിയോഗിക്കുവാനുള്ള നടപടികൾ സ്വീകരിക്കണം. എങ്കിൽ മാത്രമേ ഈ ഫണ്ടിന്റെ പ്രയോജനം നാടിനു ലഭിക്കുകയുള്ളൂ. ഈ രീതിയിൽ അധികാര ദുർവിനിയോഗം നടന്നതിനു ഉദാഹരണങ്ങൾ ഏറെയുണ്ട്. ഞങ്ങളുടെ കമ്മിറ്റി കോഴിക്കോട്ട് ചെന്നപ്പോൾ അവിടത്തെ ചുവരുകളിൽ എഴുതി വച്ചിരിക്കുന്ന മുദ്രാവാക്യങ്ങൾ ഞങ്ങൾ കണ്ടതാണ്. "ആടും കുടും പഞ്ചായത്തു പ്രസിഡന്റിന്, ആട്ടിൻ കാഷ്ഠം നാട്ടാർക്ക്" എന്ന്. ആ തരത്തിലുള്ള ധാരാളം മുദ്രാവാക്യങ്ങൾ കേരളം കണ്ടതാണ്. ആ നിലയിലേയ്ക്ക് അതിനെ തരംതാഴ്ത്തിയ നടപടിയിൽ നിന്നും മാറ്റം വരുത്തി, യഥാർത്ഥ അർത്ഥത്തിൽ ജനങ്ങൾക്ക് പ്രയോജനകരമായ രീതിയിൽ, ശുഷ്ക്കാന്തിയോടുകൂടി പദ്ധതികൾ നടപ്പിലാക്കാൻ ഗവൺമെന്റ് തയ്യാറാകണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്. ഞാൻ ഈ പ്രമേയത്തെ അനുകൂലിക്കുകയാണ്.

<u>ശ്രീ. എം. വി. ജയരാജൻ</u>: സർ, ഈ പ്രമേയം തന്നെ രാഷ്ട്രീയ പ്രേരിതമായിട്ടുള്ള ഒരു പ്രമേയമാണ്. നമ്മുടെ നിയമസഭാ സമിതിയായ സ്റ്റാറ്റ്യൂട്ടറി പദവിയുള്ള ലോക്കൽ ഫണ്ട് അക്കൗണ്ട്സ് സംബന്ധിച്ച സമിതി നിലനിൽക്കുന്ന പരിതസ്ഥിതിയിൽ ഇത് പരിശോധിക്കാൻ മറ്റൊരു ഏജൻസിയുടെ ആവശ്യമില്ല. ഈ നിയമസമാസമീതിയുടെ അന്വേഷണത്തിൽ കണ്ടെത്തുന്ന ന്യൂനതകൾ എന്താണോ; കുറവുകൾ എന്താണോ; അതു സ്റ്റാറ്റ്യൂട്ടറി സ്വഭാവമുള്ളതാണ്. അതിന്റെ അടിസ്ഥാനത്തിൽ നടപടികൾ സ്വീകരിക്കാവുന്നതേയുള്ളൂ. രാഷ്ട്രീയമായ രീതിയിൽ നിങ്ങൾ ഒരു പ്രമേയം കൊണ്ടു വന്നപ്പോഴാണ്, ഞാൻ അതിനെ രാഷ്ട്രീയമായി കണ്ടുകൊണ്ട് ഒരു ഭേദഗതി, എന്റെ പ്രിയപ്പെട്ട സുഹൃത്ത് ശ്രീ. തമ്പാനൂർ രവി അവതരിപ്പിച്ച പ്രമേയത്തിന്, അവതരിപ്പിക്കാൻ നിർബന്ധിതനായത്. അധികാരവികേന്ദ്രീകരണത്തെക്കുറിച്ച് മാർക്സിസ്റ്റ് പാർട്ടിക്കും ഇടതുപക്ഷ പ്രസ്ഥാനത്തിനുമുള്ള സുവ്യക്തമായിട്ടുള്ള കാഴ്ചപ്പാടുകൾ ഇപ്പോൾ ജനങ്ങൾക്കെല്ലാം അറിയാം. ഞാൻ അതു ആവർത്തിക്കുന്നില്ല. സംസ്ഥാനങ്ങൾക്ക് കൂടുതൽ അധികാരങ്ങൾ കൊടുക്കണം; കേന്ദ്രത്തിന്റെ

LIBRARY ARCHIVES Kerala Legislative Assembly

കയ്യിലുള്ള കുറെ അധികാരങ്ങൾ സംസ്ഥാനങ്ങൾക്കു വിട്ടുകൊടുക്കണം. സംസ്ഥാനങ്ങൾക്കുള്ള അധികാരം തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾ പോലെയുള്ള പ്രദേശിക സർക്കാരുകൾക്കു നൽകണമെന്നത് സി.പി.എം.-ന്റെ സുവ്യക്തമായിട്ടുള്ള അഭിപ്രായമാണ്. അധികാരവികേന്ദ്രീകരണത്തിനെക്കുറിച്ചു പുരപ്പുറത്തു കയറിനിന്നു പ്രസംഗിക്കാൻ നിങ്ങൾക്ക് എങ്ങനെ കഴിയും? 1959-ൽ കേരളത്തിൽ തെരഞ്ഞെടുക്കപ്പെട്ട ഗവൺമെന്റിനെ അട്ടിമറിക്കാൻ വിദേശത്തുനിന്നു പണം വാങ്ങുന്നതിനു കൂട്ടുനിന്ന നിങ്ങൾക്ക് അധികാരവികേന്ദ്രീകരണത്തെക്കുറിച്ചു പറയാൻ എന്താണ് അവകാശം? 1979-ൽ ഇന്ത്യൻ അസോസിഡേറ്റായി പ്രവർത്തിച്ചിട്ടുള്ള ഡാനിയൽ പാട്രിക് മൊയ്നിഹാൻ എഴുതിയ A Dangerous Place എന്ന പുസ്തകത്തിന്റെ 41-ാം പേജിൽ പറയുന്നത് ഞാൻ ഈ സഭയുടെ ശ്രദ്ധയിൽക്കൊണ്ടു വരികയാണ്. We had twice, but only twice interfered in Indian politics to the extent of providing money to a political party. Both times this was done in the phase prospective communist victory in the state election. Once in Kerala, yet once in West Bengal, where Calcutta is located. Both times the money was given to the congress party which had asked for it, once it was given to Mrs. Gandhi herself who was then a party official ഇങ്ങനെ അന്ന് അതു ചെയ്ത, അതിനു കൂട്ടുനിന്ന പാട്രിക് മൊയ്നിഹാൻ തന്നെ വ്യക്തമായി പറഞ്ഞ, രേഖപ്പെടുത്തിയ പുസ്തകത്തിൽ ഈ കാര്യങ്ങൾ വിവരിക്കുമ്പോൾ, അധികാരവികേന്ദ്രീകരണത്തെക്കുറിച്ച് ഇവർ നടത്തുന്ന പ്രസംഗം കേൾക്കാൻ എത്ര മനോഹരം. 1959-ലെ കാര്യമെന്നുള്ള നിലയ്ക്ക് അതങ്ങു വിടാം. എന്നാൽ സമീപകാലത്തു നടന്നതോ?

LDF-ന്റെ കാലത്ത് ജില്ലാ കൗൺസിൽ രൂപീകരിച്ചു. മൂന്നു വർഷത്തെ ആയുസ്സ് ആ ജില്ലാ കൗൺസിലുകൾക്ക് നിങ്ങൾ കൊടുത്തിട്ടില്ല. ജില്ലാ കൗൺസിലുകൾ നിങ്ങൾ പിരിച്ചുവിട്ടു എന്നു മാത്രമല്ല ജില്ലാ കൗൺസിലിന് നൽകിയ അധികാരങ്ങൾ, 43 വകുപ്പ്, 364 വിഷയങ്ങൾ, 400 കോടി രൂപ എല്ലാം പിൻവലിച്ചു. ഇത്രയും കൂടുതൽ അധികാരവും പണവും നൽകിയ അന്നത്തെ ജില്ലാ ഭരണത്തെ, ജില്ലാ ഗവൺമെന്റിനെ ശക്തിപ്പെടുത്താൻ വേണ്ടി പരിശ്രമിച്ച ഇടതുപക്ഷ സമീപനം എവിടെ? മൂന്നു വർഷം കഴിഞ്ഞപ്പോൾ അതിന്റെ ശിരസ്സ് ചേദിച്ച യു.ഡി.എഫ്-ന്റെ നയമെവിടെ? എന്നുമാത്രമല്ല 400 കോടി രൂപ തിരിച്ചെടുത്തിട്ട് കേവലം 11 കോടി രൂപയായി ചുരുക്കി. ആ 11 കോടി രൂപയും അന്ന് കൊടുത്തില്ല. അന്നത്തെ കിരാതമായ യു.ഡി.എഫ് നടപടിയെക്കുറിച്ച് സുകുമാർ അഴീക്കോട് 'ഇത് ബാലവധമാണ്' എന്നാണ് പറഞ്ഞത്.

ശ്രീ. ടി. കെ. ബാലൻ: സർ, ഇപ്പോൾ പ്രമേയത്തെക്കുറിച്ച് അപ്പുറത്തു നിന്ന് സംസാരിച്ചവരൊക്കെ രാജീവ് ഗാന്ധിയെ അനുസ്മരിച്ചു. രാജീവ് ഗാന്ധി കൊണ്ടുവന്നിട്ടുള്ളത് പഞ്ചായത്ത് രാജ് ബില്ലാണ്. അതിന് ശക്തമായ എതിർപ്പ് ഇൻഡ്യയിലും കേരളത്തിലും വന്നിരുന്നു. നമ്മുടെ ഡീ-സെൻട്രലൈസേഷൻ സ്പിരിറ്റിന് വിരുദ്ധമായി കേന്ദ്ര ഗവൺമെന്റ് ജില്ലാ കളക്ടർ മുഖാന്തിരം ഈ ഡെവലപ്മെന്റ് ആക്റ്റിവിറ്റീസിന്റെ പണം താഴോട്ട് കൊടുക്കുകയാണ്. ഇങ്ങനെ വന്നപ്പോൾ ഇതിനെ ഇ.എം.എസ് അടക്കമുള്ള ആളുകൾ അതിശക്തമായി

LIBRARY ARCHIVES Kerala Legislative Assembly

എതിർത്തതുകൊണ്ടാണ് നരസിംഹറാവു ഗവൺമെന്റ് അധികാരത്തിൽ വന്നപ്പോൾ ഈ ഭരണഘടനയുടെ 71, 72 ഭേദഗതി വന്നപ്പോൾ ഈ മൂന്ന് പ്രൊപ്പോസലും ഇല്ലാതാക്കി ഇൻഡ്യൻ പാർലമെന്റ് ഐകകണ്ഠ്യേന അംഗീകരിച്ചതാണെന്ന് ശ്രീ. എം. വി. ജയരാജന് അറിയാമല്ലോ?.....(ബഹളം).....

ശ്രീ. എ. കെ. ബാലൻ: ശ്രീ. ടി. കെ ബാലനും ഞാനും ജില്ലാ കൗൺസിലിന്റെ പ്രസിഡന്റായിരുന്നു. യഥാർത്ഥത്തിൽ ഇതൊരു ബാലവധമാണെന്നാണ് സുകുമാർ അഴിക്കോട് പറഞ്ഞത്. രാജീവ് ഗാന്ധി സ്വപ്നം കാണുന്നതിനുമുൻപ് കേരളത്തിൽ നടപ്പാക്കിയിട്ടുള്ള ജില്ലാ കൗൺസിൽ നിയമത്തിന്റെ അടിസ്ഥാനത്തിലാണ് സ്ത്രീകൾക്ക് 33 ശതമാനം സംവരണം ഇൻഡ്യാ രാജ്യത്ത് ആദ്യമായി കൊടുത്തതെന്നുള്ള കാര്യം ബഹുമാനപ്പെട്ട മെമ്പർക്ക് അറിയാമോ?

ശ്രീ. എം. വി. ജയരാജൻ: അവർ പലതും തമസ്കരിക്കാൻ ശ്രമിച്ചാലും ഈ നാട്ടിലെ ജനങ്ങൾക്ക് അതൊക്കെ അറിയാവുന്നതാണ്. 73, 74 ഭരണഘടനാ ഭേദഗതിയുടെ ഭാഗമായി കേരളത്തിൽ നടപ്പിലാക്കിയത് അധികാര വികേന്ദ്രീകരണം മാത്രമല്ല അതോടൊപ്പം ജനകീയാസൂത്രണമാണ്. എന്തുകൊണ്ട് കർണ്ണാടകയിൽ ഇതില്ല, എന്തുകൊണ്ട് ആന്ധ്രയിൽ ഇതില്ല, എന്തുകൊണ്ട് മഹാരാഷ്ട്രയിൽ ഇതില്ല, എന്തുകൊണ്ട് മദ്ധ്യപ്രദേശിലെ അന്നത്തെ കോൺഗ്രസ്സിലെ മുഖ്യമന്ത്രി നമ്മുടെ മുഖ്യമന്ത്രിയുടെ ജ്യേഷ്ഠസഹോദരൻ എന്നു വിളിക്കാവുന്ന ദിഗ്വിജയ് സിംഗ് ജനകീയാസൂത്രണത്തെക്കുറിച്ച് ഇവിടെ പഠിക്കാൻ വന്നിട്ട് അവിടെ നടപ്പാക്കാൻ തയ്യാറായി? അതിനെക്കുറിച്ച് നിങ്ങൾക്ക് എന്താണ് പറയുവാനുള്ളത്?

ശ്രീ. ആര്യാടൻ മുഹമ്മദ്: ഇത് കൊണ്ടുവന്നത് ജില്ലാ കൗൺസിലുകളിലാണ്. ശരിയാണ്. രാജീവ് ഗാന്ധിയുടെ കോൺസ്റ്റിറ്റ്യൂഷണൽ അമെന്റുമെന്റിന്റെ ചിന്താഗതി വന്നതിനുശേഷം അന്നുതന്നെ പ്രതിപക്ഷത്തിരുന്ന നമ്മൾ അമെന്റുമെന്റ് കൊണ്ടുവന്നു, 33 ശതമാനം ചെയർപേഴ്സൺ ആക്കണമെന്നുള്ളത്. അത് തള്ളിയ ആളുകളാണ് അപ്പുറത്തിരിക്കുന്നവരെന്നുള്ള കാര്യം അങ്ങ് ഓർക്കുന്നുണ്ടോ?

ശ്രീ. എം. വി. ജയരാജൻ: ബഹുമാനപ്പെട്ട ആര്യാടൻ മുഹമ്മദ് പറഞ്ഞത് നന്നായി. യു.പി.എ ഗവൺമെന്റിന് നേതൃത്വം കൊടുക്കുന്നത് ആര്യാടന്റെ പാർട്ടിയാണല്ലോ. ഞങ്ങൾ പുറത്തുനിന്ന് പിൻതുണയ്ക്കുകയേയുള്ളൂ. ജില്ലാ കൗൺസിൽ രാജീവ് ഗാന്ധിയുടെ ആശയം വരുന്നതിന് മുൻപ് വന്നതാണ്. ഇ.എം.എസ്-ന്റെ ഭരണപരിഷ്ക്കാര നിർദ്ദേശത്തെക്കുറിച്ച് പരിശോധിച്ചാൽ 1958-ലെ ഭരണ പരിഷ്ക്കാര സമിതിയുടെ ശുപാർശയുടെ ഭാഗമായിട്ടാണ് ജില്ലാ കൗൺസിൽ വന്നത്. 1958-നുശേഷം, ഏതാണ്ട് 32 വർഷം കേരളത്തിൽ ദീർഘകാലം കാത്തിരുന്നതിനുശേഷം രാജീവ് ഗാന്ധിയുടെ മനസ്സിൽ വരുന്നതിനു മുൻപ് ജില്ലാ ഗവൺമെന്റ്, പ്രാദേശിക ഗവൺമെന്റ് ഇവിടെ കൊണ്ടു വരുകയാണ് ചെയ്തതെന്നുള്ള കാര്യം ശ്രീ. ആര്യാടൻ മുഹമ്മദ് എന്തുകൊണ്ട് മറച്ചു വയ്ക്കുന്നു?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ടി. കെ. ബാലൻ: ബഹുമാനപ്പെട്ട ആര്യാടൻ മുഹമ്മദ് വളരെ പ്രധാനപ്പെട്ട ഒരു തെറ്റിദ്ധരിപ്പിക്കലാണ് ഇവിടെ നടത്തിയത്. കാരണം രാജീവ് ഗാന്ധി ഇത്തരത്തിലുള്ള ഒരു ബിൽ കൊണ്ടുവന്നപ്പോൾ അതിലുള്ള അപകടകരമായിട്ടുള്ള നിർദ്ദേശങ്ങൾക്കെതിരെ ഇ.എം.എസ് അടക്കമുള്ളവർ ശക്തമായി പ്രതികരിച്ചു. അതിന്റെ ആഡിറ്റ്, കേന്ദ്രത്തിൽ ഇലക്ഷൻ കൊണ്ടുവരുന്നത്, അതുപോലെതന്നെ ബാംഗ്ളൂരിലടക്കം ഫണ്ട് നേരിട്ടു കൊടുക്കുന്നത്, ജില്ലാകളക്ടർമാരെ വിളിപ്പിച്ച് നേരിട്ട് നിങ്ങൾക്ക് ഫണ്ട് തരില്ലെന്നു പറഞ്ഞതിനെ ഒക്കെ ഞങ്ങൾ ശക്തിയായി എതിർത്തു. പക്ഷെ ഡീസെൻട്രലൈസേഷന്റെ മറ്റ് കാര്യങ്ങളെ അനുകൂലിച്ചിരുന്നു. ഈ എതിർപ്പ് കണക്കിലെടുത്തിട്ടാണ് ശ്രീ. നരസിംഹറാവു പ്രധാനമന്ത്രിയായപ്പോൾ ഐകകണ്ഠ്യേന ഇൻഡ്യൻ പാർലമെന്റിൽ, 1992-ൽ ബാബറി മസ്ജിദ് തകർത്തതിനുശേഷം, ആദ്യമായി ഐകകണ്ഠ്യേന ഈ ഭരണഘടനാ ഭേദഗതി കൊണ്ടുവന്നത്. എന്നാൽ ജില്ലാ കൗൺസിൽ ഇലക്ഷൻ എപ്പോൾ നടന്നതാണ്. ജില്ലാ കൗൺസിൽ ഇലക്ഷനുവേണ്ടി ഇവിടെ നിർദ്ദേശം കൊണ്ടുവരുന്നതിനു മുൻപുതന്നെ കമ്മിറ്റിയെ നിയമിച്ച് ഇന്നത്തെ പ്ളാനിംഗ് ബോർഡിന്റെ വൈസ് ചെയർമാനായിട്ടുള്ള ശ്രീ. രാമചന്ദ്രനെ സ്പെഷ്യൽ ഓഫീസറാക്കി അതിന്റെ അടിസ്ഥാനത്തിൽ വലിയ തോതിൽ കാര്യങ്ങളൊക്കെ നടത്തി. 1990 അവസാനം ഇലക്ഷൻ നടത്തി, 1991 ആദ്യമാണ് 14 ജില്ലാ ഭരണവും നിലവിൽ വന്നത്. എന്നിട്ട് അത് രാജീവ് ഗാന്ധിയുടെ ക്രെഡിറ്റിൽ പറഞ്ഞത് തെറ്റിദ്ധരിപ്പിക്കലല്ലേ?

ശ്രീ. എം. വി. ജയരാജൻ: അതിൽ ബഹുമാനപ്പെട്ട ആര്യാടൻ മുഹമ്മദിന്റെ പാർട്ടി ശ്രദ്ധിക്കേണ്ട ഒരു കാര്യമുണ്ട് യു.പി.എ മാനിഫെസ്റ്റോയിൽ നിങ്ങൾക്ക് യോജിക്കാൻ കഴിയാത്ത ഒരു കാര്യം പഞ്ചായത്തുകൾക്ക് ഫണ്ട് നേരിട്ട് കൊടുക്കുമെന്ന നിർദ്ദേശമാണ്.

ശ്രീ. ആര്യാടൻ മുഹമ്മദ്: സർ, ഞാൻ പറഞ്ഞതിനല്ല രണ്ടുപേരും മറുപടി പറഞ്ഞത്. മറ്റ് കാര്യങ്ങളാണ് പറഞ്ഞത്. ജില്ലാ കൗൺസിൽ ബിൽ കൊണ്ടുവന്ന അവസരത്തിൽ പ്രതിപക്ഷത്തിൽനിന്ന് 33 ശതമാനം സ്ത്രീകൾക്ക് സംവരണം വേണമെന്ന ഭേദഗതി ഞങ്ങൾ കൊണ്ടുവന്നത് തള്ളിയവരാണ് അപ്പുറത്തിരിക്കുന്നത്. ഞങ്ങൾ പറഞ്ഞതിനെ ട്വിസ്റ്റ് ചെയ്തുകൊണ്ട് മറുപടി പറയാതിരിക്കുന്നത് ശരിയാണോ.

ശ്രീ. എം. വി. ജയരാജൻ: സർ, ബഹുമാനപ്പെട്ട ആര്യാടൻ മുഹമ്മദിന്റെ വാദം തരക്കേടില്ല. 33% സ്ത്രീകളുടെ സംവരണത്തിന്റെ കാര്യം പറഞ്ഞിട്ട് 1993-ൽ ജില്ലാ കൗൺസിലിനെ പിരിച്ചുവിട്ടതിനെ നിങ്ങൾ ന്യായീകരിക്കുകയാണോ? ഒരു അമെന്റുമെന്റിന്റെ കാര്യം പറഞ്ഞിട്ടാണോ പിരിച്ചുവിട്ട നടപടിയെ നിങ്ങൾ ന്യായീകരിക്കുന്നത്? അന്ന് യഥാർത്ഥത്തിൽ ഈ ബില്ലിനൊരു വ്യവസ്ഥ കൊണ്ടുവന്നത് ഒരു തുടക്കമായിരുന്നു. എസ്.സി./എസ്.ടി. വിഭാഗത്തിനുള്ള സംവരണം, ഇതെല്ലാം ജില്ലാ കൗൺസിൽ നിയമത്തിൽ അടിസ്ഥാനപരമായി ഉൾപ്പെടുത്തിക്കൊണ്ടായിരുന്നു കൊണ്ടുവന്നത്. പിന്നീട് ഇൻഡ്യയ്ക്കുതന്നെ മാതൃകയായി.

പ്രൊഫ. സാവിത്രി ലക്ഷ്മണൻ: സർ, ഇവിടെ പല തെറ്റിദ്ധാരണകളും പലർക്കും വരുന്നതുകൊണ്ടുമാത്രം ഒരു ഇടപെടൽ നടത്തുകയാണ്. 1989-ൽ നടന്ന ലോക്സഭാ ഇലക്ഷനിൽ രാജീവ്ഗാന്ധി പ്രതിപക്ഷ നേതാവായിരുന്നു. അതിനുമുമ്പ് അദ്ദേഹം പ്രധാനമന്ത്രിയായിരുന്നപ്പോഴാണ് ഈ ബിൽ അവതരിപ്പിച്ചത്. ലോക്സഭയിൽ മുന്നിൽ രണ്ടിന്റെ ഭൂരിപക്ഷം നേടിക്കൊണ്ട് ഭരണഘടനാ ഭേദഗതി ബിൽ പാസ്സാക്കാൻ അദ്ദേഹത്തിനു കഴിഞ്ഞു. രാജ്യസഭയിൽ ഒരു വോട്ടിന്റെ കുറവുകൊണ്ടു മാത്രംപാസ്സായില്ല. അതുകൊണ്ടാണ് അധികാര വികേന്ദ്രീകരണത്തിന്റെ ഈ ആശയം നിയമഭേദഗതിയിലൂടെ കൊണ്ടുവരാൻ രാജീവ്ഗാന്ധിക്ക് സാധിക്കാതെ പോയത്. 1988-നുശേഷം 1989. അതിനുശേഷമാണ് 1990. ജില്ലാ കൗൺസിൽ ഇലക്ഷൻ വരുന്നത് അതിനൊക്കെ ശേഷമാണ്. മുൻ പാർലമെന്റംഗം ശ്രീ. എ. കെ. ബാലൻ പറഞ്ഞതുപോലെ ജില്ലാ കൗൺസിൽ ഇലക്ഷനിൽ 33% പ്രാതിനിധ്യം സ്ത്രീകൾക്ക് കൊടുത്തിരുന്നില്ല. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ ഈ രണ്ടു സീറ്റുകളിൽ മാത്രമാണ് സ്ത്രീകൾക്ക് അന്ന് സംവരണം കൊടുത്തിരുന്നത്. ശ്രീമതി സോണിയാ ഗാന്ധി, ഇന്ദിരാഗാന്ധി തുടങ്ങി സ്ത്രീകളെ ദേശീയ പ്രസിഡന്റാക്കിയ ആദ്യത്തെ പാർട്ടിയെന്നുള്ള ക്രെഡിറ്റും ഇൻഡ്യൻ നാഷണൽ കോൺഗ്രസ്സിന് അവകാശപ്പെട്ടതാണ്.

ശ്രീ. എം. വി. ജയരാജൻ: ഏതായാലും ജില്ലാ കൗൺസിൽ പിരിച്ചുവിട്ടത് തെറ്റായിപ്പോയിയെന്നുള്ള കാര്യം പ്രൊഫസർ സമ്മതിച്ചു. പ്രൊഫസറുടെ വാദഗതിയുടെ അവസാനം ജില്ലാ കൗൺസിൽ പിരിച്ചുവിടേണ്ടതായിരുന്നില്ല എന്നാണ് പറഞ്ഞത്. യു.ഡി.എഫ്. ആണ് അതിന്റെ ശിരസ്സ് ഛേദിച്ചത്. അത് ഏതായാലും തെറ്റായിപ്പോയി എന്നുള്ള കുറ്റസമ്മതം നടത്തുകയാണ് ചെയ്തത്. ബഹുമാനപ്പെട്ട നരസിംഹറാവുവിനോട് ഇങ്ങനെ ഒരു വിരോധം കാണിക്കണോ? ജില്ലാ കൗൺസിൽ നിയമം വന്നത് 1958-ലെ . . . . . .

മി. ചെയർമാൻ: പ്ലീസ്. . .പ്ലീസ് കൺക്ലൂഡ് . . .

ശ്രീ. എം. വി. ജയരാജൻ: നിങ്ങൾ ആരാന്റെ കുട്ടിയുടെ പിതൃത്വം ഏറ്റെടുക്കാൻ പോകണ്ട. ജില്ലാ കൗൺസിൽ നിങ്ങളുടേതാണെങ്കിൽ അത് എന്തുകൊണ്ട് പിരിച്ചുവിട്ടു?

മി. ചെയർമാൻ: പ്ലീസ്. . .പ്ലീസ് കൺക്ലൂഡ് . . .

ശ്രീ. എം. വി. ജയരാജൻ: തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ഇപ്പോഴത്തെ സ്ഥിതി ഒന്ന് പറയണ്ടേ? ഒരു ചോദ്യത്തിന് മറുപടിയായി തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി പറഞ്ഞത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പി.ഡി. അക്കൗണ്ടിൽ ശേഷിച്ചിരുന്ന പ്ലാൻ ആന്റ് നോൺ പ്ലാൻ ഉൾപ്പെടെയുള്ള ഫണ്ട് മരവിപ്പിക്കുകയുണ്ടായിയെന്ന്. ഈ വർഷം 1350 കോടി രൂപ . . . .

മി. ചെയർമാൻ: പ്ലീസ്. . .പ്ലീസ് കൺക്ലൂഡ് . . .

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എം. വി. ജയരാജൻ: പതിനൊന്നാം ധനകാര്യ കമ്മിഷന്റെ ഗ്രാന്റായി 80.88 കോടി രൂപയും ഉൾപ്പെടുത്തിയിരിക്കുകയാണ്. യഥാർത്ഥത്തിൽ അത് തട്ടിക്കഴിച്ചാൽ. . . . . എന്നു പറഞ്ഞാൽ 230 കോടി രൂപ ഈ സാമ്പത്തിക വർഷം നിങ്ങൾ കുറയ്ക്കുകയാണ് ചെയ്തത്. നിങ്ങൾ കൂടുതൽ തുക കൊടുത്തിട്ടില്ല. ഇടതുപക്ഷ ജനാധിപത്യമുന്നണി ഭരിച്ചിരുന്ന 1996-2001 കാലഘട്ടത്തിൽ ആദ്യത്തെ വർഷം ജനകീയാസൂത്രണം ഇല്ല. രണ്ടാമത്തെ വർഷം ഉണ്ടായിരുന്നത് . . . . . നിങ്ങളുടെ മൂന്നു വർഷത്തെ കണക്ക് എടുത്തു പരിശോധിച്ചാൽ 850 കോടി രൂപയാണ് ഒരു വർഷത്തെ ശരാശരി. അതിൽത്തന്നെ 845 കോടി രൂപ നിങ്ങൾ തിരിച്ചുപിടിച്ചു. അഞ്ചരക്കണ്ടി ഗ്രാമപഞ്ചായത്തിന് നൽകിയ ബെസ്റ്റ് പഞ്ചായത്ത് അവാർഡ് തുക പോലും തിരിച്ചുപിടിച്ചിരുന്നു. എന്നിട്ട് പുരപ്പുറത്തുകയറിനിന്ന് ജനകീയാസൂത്രണത്തെക്കുറിച്ച് പറയുകയാണ്. അതുകൊണ്ടാണ് ഈ പ്രമേയം രാഷ്ട്രീയപ്രേരിതമെന്ന് പറയുന്നത്. അതുകൊണ്ടാണ് ഈ പ്രമേയത്തെ ശക്തമായി എതിർക്കേണ്ടിവന്നത്.

ഇൻഫർമേഷനും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എം. എം. മണി): സർ, ബഹുമാനപ്പെട്ട ഇ. ടി. മുഹമ്മദ് ബഷീർ പറഞ്ഞ കാര്യം, ഈ പ്രമേയം കഴിഞ്ഞാൽ രണ്ടാമത്തെ പ്രമേയം ഗൾഫ് മലയാളികളെ ബാധിക്കുന്നതാണ്. ഏത് ഘട്ടത്തിലായാലും വളരെ പ്രധാനപ്പെട്ട ഒരു കാര്യമാണ്. കേരളത്തിൽ ഒരു ഐ.ഐ.ടി. സ്ഥാപിക്കണമെന്ന് കേന്ദ്രഗവൺമെന്റിനോട് അഭ്യർത്ഥിക്കുന്ന പ്രമേയം ഈ സഭ അംഗീകരിക്കുമെങ്കിൽ ഏത് പ്രമേയമാണോ ചർച്ച ചെയ്യുന്നത് അവസാനത്തെ അഞ്ചു മിനിട്ടിൽ ആ പ്രമേയം അംഗീകരിക്കുന്നതിൽ ഗവൺമെന്റിന് അനുകൂല നിലപാടാണ്. സഭ യോജിക്കുകയാണെങ്കിൽ വലിയ ചർച്ചയില്ലാതെ അദ്ദേഹം അവതരിപ്പിക്കും. നമുക്ക് അംഗീകരിക്കാവുന്നതാണ്.

ഇവിടെ ബഹുമാനപ്പെട്ട തമ്പാനൂർ രവി അവതരിപ്പിച്ച പ്രമേയത്തെക്കുറിച്ച് നടന്ന ചർച്ചയിൽ ബഹുമാനപ്പെട്ട ജയരാജൻ ഇത് രാഷ്ട്രീയപ്രേരിതമായ ചർച്ചയാണെന്ന് പറഞ്ഞത് ശരിയാണ്. അദ്ദേഹവും ഒരു പ്രത്യാക്രമണമെന്നുള്ള നിലയിൽ ജനകീയാസൂത്രണത്തിനെതിരായി ഇവിടെ ഉയർന്നുവന്ന ആക്ഷേപങ്ങളേയും ആരോപണങ്ങളേയും നേരിടാൻ കണ്ടുപിടിച്ചത് ജില്ലാ കൗൺസിൽ പിരിച്ചുവിട്ടുവെന്നുള്ള പരിചയെടുത്ത് മറ്റേത് മറച്ചുപിടിക്കുക എന്നതാണ്. കാരണം യഥാർത്ഥ പ്രശ്നത്തിൽനിന്നും ശ്രദ്ധയകറ്റാൻ ജയരാജൻ വലിയ മിടുക്കനാണ്. ആ മിടുക്ക് അദ്ദേഹം വളരെ ഫലപ്രദമായി വിനിയോഗിച്ചു. ജനകീയാസൂത്രണവും മാനവീയവുമൊക്കെ പോയി, പ്രശ്നം ജില്ലാ കൗൺസിൽ പിരിച്ചുവിട്ടതിനെ സംബന്ധിച്ചുള്ള ചോദ്യത്തിലേയ്ക്ക് സഭയുടെ ശ്രദ്ധ കൊണ്ടുവന്ന് തടിതപ്പിയെന്നു വേണമെങ്കിൽ പറയാം. ഞാൻ അതിലേയ്ക്ക് കടക്കുന്നില്ല. ബഹുമാനപ്പെട്ട തമ്പാനൂർ രവിയുടെ പ്രമേയത്തിൽ ജനകീയാസൂത്രണത്തിലും മാനവീയത്തിലും നടന്ന ക്രമക്കേടുകൾ, സി.ഡി.എസ്., ശാസ്ത്രപരിഷത്ത്, കാപ്പെക്ക് തുടങ്ങിയ ഏജൻസികളുടെ പ്രവർത്തനം, ഫോട്ടോസ്റ്റാറ്റ് മെഷീൻ വാങ്ങിയ കാര്യം, അതിനുശേഷം ഗ്രാമപഞ്ചായത്തുകളെ ദുർബലപ്പെടുത്തിക്കൊണ്ട് ഇലക്ട്രിസിറ്റി ബോർഡിലും വാട്ടർ അതോറിറ്റിയിലും ഭവനനിർമ്മാണ ബോർഡിലും കോടിക്കണക്കിന് രൂപ ഡെപ്പോസിറ്റ് ചെയ്ത

സംഭവം. ഇത്തരത്തിൽ ആഡിറ്റ് ഒഴിവാക്കാൻ ശ്രമിച്ച നിരവധി കാര്യങ്ങളെ സംബന്ധിച്ച് വിദഗ്ദ്ധ കമ്മിറ്റിയെവച്ച് അന്വേഷിപ്പിക്കണമെന്നു പറയുന്നത്, തീർച്ചയായും അർഹിക്കുന്ന കാര്യങ്ങളാണ് ഇതിലെല്ലാം ഉൾക്കൊള്ളുന്നത് എന്നുള്ള കാര്യത്തിൽ ഗവൺമെന്റിന് അഭിപ്രായവ്യത്യാസമില്ല. ഗൗരവമുള്ള ആക്ഷേപമുള്ള കാര്യങ്ങൾ അന്വേഷണം അർഹിക്കുന്നതാണ്. പക്ഷേ ഇത്തരം ഒരു പ്രമേയത്തിന്റെ അടിസ്ഥാനത്തിൽ ഇതിനെക്കുറിച്ച് അന്വേഷണം നടത്തണമെന്നു പറയുമ്പോൾ ബഹുമാനപ്പെട്ട ജയരാജൻ ചൂണ്ടിക്കാണിച്ചതുപോലെ ചില സാങ്കേതിക ബുദ്ധിമുട്ടുകളുണ്ട്. ഇതിൽ മാനവീയത്തെക്കുറിച്ച് ബഹുമാനപ്പെട്ട ലോകായുക്തിന്റെ മുമ്പിൽ ഒരു കേസ് നിലവിലുണ്ട്. അതിന്റെ വിധി വരാനിരിക്കുന്നതേയുള്ളൂ. മാനവീയത്തിൽ നടന്ന ആക്ഷേപങ്ങളെക്കുറിച്ച് ലോകായുക്ത പരിഗണിച്ചതുകൊണ്ട് അതിന്റെ വിധി വരുന്ന ഘട്ടത്തിൽ അത് നടപ്പിലാക്കുന്നതിന് ഗവൺമെന്റിന് ബാദ്ധ്യതയുണ്ട്. ജനകീയാസൂത്രണത്തെക്കുറിച്ച് ബഹുമാനപ്പെട്ട തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രിതന്നെ ചില കാര്യങ്ങൾ പറഞ്ഞു. പെർഫോമൻസ് ആഡിറ്റ് ആഫീസർ നടത്തിയ പരിശോധനയിൽ ഒരുപാട് ക്രമക്കേടുകൾ നടന്നിട്ടുണ്ടെന്നു പറഞ്ഞത് ശരിയാണ്. അന്ന് ഞാൻ കൺവീനറായിട്ടുള്ള യു.ഡി.എഫ്.-ന്റെ ഒരു അന്വേഷണ കമ്മിറ്റി ഇക്കാര്യം അന്വേഷിച്ചതാണ്. ഞങ്ങൾ ആ പഞ്ചായത്തുകളിലൊക്കെ പോയി അന്ന് ഈ വകുപ്പിന്റെ ചുമതല വഹിക്കുന്ന ശ്രീ. പാലോളി മുഹമ്മദുകുട്ടിക്ക് റിപ്പോർട്ട് കൊടുത്തു. ബഹുമാനപ്പെട്ട മന്ത്രി അത് ഓംബുഡ്സ്മാന് കൈമാറുമെന്നാണ് അന്ന് ഞങ്ങളോട് പറഞ്ഞത്. ഏതായാലും പരിശോധനയിൽ തെളിഞ്ഞ കാര്യങ്ങളിൽ ഉദ്യോഗസ്ഥൻമാരിൽനിന്നും ജനപ്രതിനിധികളിൽനിന്നും ഉണ്ടായിട്ടുള്ള ക്രമക്കേടുകളുടെ അടിസ്ഥാനത്തിൽ റവന്യൂ റിക്കവറി നടപടി സ്വീകരിക്കുമെന്ന് ഇന്നലെ ബഹുമാനപ്പെട്ട ചെർക്കളം അബ്ദുള്ള ഇവിടെ പറഞ്ഞതുകൊണ്ട്, അന്വേഷണത്തിന്റെ അടിസ്ഥാനത്തിൽ നടപടി സ്വീകരിക്കാനുള്ള സംവിധാനം ഉണ്ടാകും. ഇലക്ട്രിസിറ്റി ബോർഡ്, വാട്ടർ അതോറിറ്റി എന്നിവയിൽ ഡെപ്പോസിറ്റ് ചെയ്തതിൽ വർക്കുകൾ നടത്തുന്നതിന് 20 കോടി രൂപ ബാക്കിയുണ്ട്. അതിൻമേൽ പെട്ടെന്ന് വർക്കുകൾ നടത്തുന്നതിന് ഗവൺമെന്റ് നിർദ്ദേശം നൽകിയിട്ടുണ്ട്. അതിനുള്ള നടപടികൾ ഗവൺമെന്റ് സ്വീകരിച്ചുകൊണ്ടിരിക്കുകയാണ്. ഹൗസിംഗ് ബോർഡിലെ ഡെപ്പോസിറ്റ് കഴിഞ്ഞ വർഷം മേയ് മാസത്തിൽ തിരിച്ചുതരാമെന്ന് പറഞ്ഞെങ്കിലും ഇതുവരെ അത് തിരിച്ചുകൊടുക്കാനുള്ള നടപടി സ്വീകരിച്ചിട്ടില്ല. ആ നടപടികൾ ത്വരിതപ്പെടുത്താൻ നടപടികൾ സ്വീകരിക്കുന്നതാണ്. സി.ഡി.എസ്സിന്റേയും കാപ്പെക്കിന്റേയും പ്രവർത്തനങ്ങളെ സംബന്ധിച്ച് പരിശോധിക്കാനുള്ള സംവിധാനം ഗവൺമെന്റിനുണ്ട്.

ഇവിടെ ബഹുമാനപ്പെട്ട ജയരാജൻ ഒരു കാര്യം പറഞ്ഞു, 1959-ൽ സർക്കാരിനെ അട്ടിമറിക്കാൻ വിദേശസഹായം നേടിയ മോയീൻഖാന്റെ കണ്ടെത്തലുകളെക്കുറിച്ച് പറഞ്ഞു. ഏതായാലും വളരെ വൈകിയാണെങ്കിലും വിദേശ സഹായം സ്വീകരിച്ചതിന്റെ പേരിൽ മാർക്സിസ്റ്റ് കമ്മ്യൂണിസ്റ്റ് പാർട്ടി ഡോ. ഇക്ബാലിനേയും ശ്രീ. ജോയി ഇളമണ്ണിനേയും അതേരൂപത്തിൽ തന്നെയുള്ള ആക്ഷേപത്തിന്റെ പേരിൽ പുറത്താക്കിയെന്നുപറയുന്നതുതന്നെ വളരെ ക്രൂരമായ തിരിച്ചടിയായി നമുക്ക് കണക്കാക്കാം.

LIBRARY ARCHIVES Kerala Legislative Assembly

കാരണം, ഒരു ഗവൺമെന്റിനെ അട്ടിമറിക്കാൻ വിദേശ സഹായം വാങ്ങിക്കും. അപ്പോൾ ഒരു മേൻമയും അവകാശപ്പെടേണ്ട കാര്യമില്ല. അനുകൊള്ളാത്തവരില്ല കുരുക്കളിൽ. ഇപ്പോൾ മാർക്സിസ്റ്റു പാർട്ടിക്കകത്ത് ഇത് വലിയ ചർച്ചാ വിഷയമാണല്ലോ. ഇപ്പോഴും വാദപ്രതിവാദങ്ങൾ നടക്കുന്നു. ഞാൻ അതിന്റെ വിശദാംശത്തിലേയ്ക്ക് കടക്കുന്നില്ല. നിങ്ങൾ പറഞ്ഞത് ഗവൺമെന്റിനെ അട്ടിമറിക്കാൻ വിമോചന സമരകാലത്ത് വിദേശപണം പറ്റി എന്നാണ്. അതേ ആക്ഷേപം നിങ്ങളുടെ പാർട്ടിക്കകത്ത് ഇന്ന് വളരെ ചർച്ചാ വിഷയമാണ് എന്നേ ഞാൻ പറയുന്നുള്ളൂ.

ശ്രീ. എം. വി. ജയരാജൻ: ബഹുമാനപ്പെട്ട മന്ത്രി ഇത് പറഞ്ഞതുകൊണ്ട് എനിക്ക് ഒരു കാര്യം പറയാതിരിക്കാൻ നിർവ്വാഹമില്ല. സി.പി.എം. വിദേശ ഏജൻസികളിൽ നിന്നും പണം വാങ്ങുന്ന ഏതെങ്കിലും പാർട്ടി മെമ്പറോ ചാരിറ്റബിൾ സ്ഥാപനമോ ആയാലും അതിന് വ്യവസ്ഥാപിതമായ നിലപാട് വ്യക്തമാക്കിയിട്ടുണ്ട്. അത് പാർട്ടിയിൽ ചർച്ച ചെയ്യും. അത് വ്യക്തമായ രീതിയിൽ സി.പി.എം. സ്വീകരിച്ചിട്ടുള്ള നിലപാടാണ്. ആ രീതിയിൽ ഇൻഡ്യൻ നാഷണൽ കോൺഗ്രസ് എന്ന് പറയുന്ന ഒരു പാർട്ടി സൃഷ്ടിച്ച കാര്യം പ്രത്യേകിച്ച് ശ്രീ. വയലാർ രവി കൂടി അംഗീകരിച്ച പരിതസ്ഥിതിയിൽ ഈ പണം വാങ്ങി എന്നും 10 കോടി രൂപ കേരളത്തിലെ ഗവൺമെന്റിനെ അട്ടിമറിക്കാൻവേണ്ടി പ്രചാരപ്രവർത്തനത്തിന്റെ ഭാഗമായി വിദേശപണം സി.ഐ.എ.-യിൽ നിന്നും കൈപ്പറ്റിയ അന്നത്തെ ആളുകളുടെ പേരിൽ നടപടിയെടുക്കാൻ കോൺഗ്രസ് പാർട്ടിക്ക് ത്രാണിയുണ്ടോ?

ശ്രീ. എം. എം. ഹസ്സൻ: കോൺഗ്രസ് പാർട്ടി അങ്ങനെ യാതൊന്നും കൈപ്പറ്റിയതായി ഒരു കാലത്തും സമ്മതിച്ചിട്ടില്ല. സി.ഐ.എ.-യിൽ നിന്ന് പണം കൈപ്പറ്റുകയോ സോവിയറ്റ് റഷ്യ ശക്തമായിരുന്ന കാലത്ത് കെ.ജി.ബി.-യിൽ നിന്നും പണം കൈപ്പറ്റിയതിനെക്കുറിച്ച് യാതൊരു തരത്തിലുള്ള അന്വേഷണവും നടത്തുകയോ ചെയ്തിട്ടില്ല.

ശ്രീ. കെ. സി. ജോസഫ്: ശ്രീ. ജയരാജൻ പറഞ്ഞത്, വിദേശ പണം ആർക്ക് വേണമെങ്കിലും വാങ്ങിക്കാം. പാർട്ടിക്കും വാങ്ങിക്കാം. പക്ഷേ പാർട്ടിഫോറം അത് ചർച്ച ചെയ്യണമെന്ന് മാത്രം.

ശ്രീ. എം.എം. ഹസ്സൻ : വിദേശ ഏജൻസികളുടെ സഹായത്തെക്കുറിച്ച് ഞാൻ പറഞ്ഞല്ലോ. പവിത്രമായ ആദർശശുദ്ധിയുള്ള പ്രസംഗം നടത്തിയിരുന്ന പാർട്ടിയുടെ ഇപ്പോഴത്തെ അവസ്ഥ എന്താണെന്നുള്ളത് എല്ലാവർക്കും അറിയാം. അതുകൊണ്ട് അതിനെക്കുറിച്ച് ചർച്ചയ്ക്ക് പോകണ്ട എന്നാണ് ഞാൻ പറഞ്ഞത്. നിങ്ങൾക്ക് ഇതൊന്നും പറയാനുള്ള ധാർമ്മികമായ അവകാശമില്ല. അത് നഷ്ടപ്പെട്ടിരിക്കുന്നു. സമയച്ചുരുക്കം കൊണ്ട് ഞാൻ ആ വിഷയം വിടുകയാണ്. ഇത്തരത്തിലുള്ള ഏജൻസികളുടെ പ്രവർത്തനത്തെക്കുറിച്ച് ഉണ്ടാകുന്ന ആക്ഷേപങ്ങൾ അന്വേഷിക്കാൻ നിലവിലുള്ള സംവിധാനം ഫലപ്രദമായി വിനിയോഗിക്കണം എന്ന് തന്നെയാണ് ഉദ്ദേശിക്കുന്നത്. ജനകീയാസൂത്രണത്തെ കുറിച്ച്

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എം.വി. ജയരാജനും ശ്രീ. ടി. കെ ബാലനുമൊക്കെ വളരെ വാചാലരായി പറഞ്ഞു. പക്ഷേ ഒരു കാര്യം എല്ലാവരും അംഗീകരിച്ചതാണ്. ചരിത്രസത്യമായി നിൽക്കുകയാണ്. മഹാത്മജിയുടെ മഹനീയമായ ആദർശത്തിന് ഇൻഡ്യൻ ജനാധിപത്യത്തിൽ വിപ്ലവകരമായ വ്യതിയാനം വരുത്തിയത് രാജീവ്ഗാന്ധി തന്നെയാണ്. അതിന്റെ മേന്മ വേറെ ആർക്കും അവകാശപ്പെടാനില്ല. ജനകീയാസൂത്രണം എന്ന മലയാള വാക്ക് ബാംഗ്ലൂരിൽ കൂടിയ പഞ്ചായത്ത് പ്രസിഡന്റുമാരുടെ മീറ്റിംഗിൽ രാജീവ് ഗാന്ധി അന്ന് പ്രസംഗിച്ചപ്പോൾ 'പീപ്പിൾസ് പ്ലാനിംഗ്' എന്ന് അദ്ദേഹം പ്രസംഗിച്ചതിനെയാണ് നിങ്ങൾ ജനകീയാസൂത്രണം എന്ന പേരിൽ ഇവിടെ ആവിഷ്ക്കരിച്ചത്. അന്തരിച്ചു പോയ ശ്രീ. രാജീവ് ഗാന്ധിയുടെ സ്മരണയ്ക്ക് മുൻപിൽ ഒരു അനാദരവും ആരും കാണിക്കണ്ട. അധികാര വികേന്ദ്രീകരണം ഇൻഡ്യാ രാജ്യത്ത് യാഥാർത്ഥ്യമാക്കിയതിൽ കോൺഗ്രസ് പാർട്ടിക്കും രാജീവ് ഗാന്ധിക്കും ഉള്ള പങ്ക് ആര് നിഷേധിച്ചാലും ചരിത്രത്തിൽ നിന്നും മായ്ച്ചു കളയാൻ ആവില്ലല്ലോ. ആ നിലയ്ക്ക് അതിനെക്കുറിച്ച് ഒരു വാദപ്രതിവാദം വേണ്ട. ഇവിടെ നടത്തിയിട്ടുള്ള ക്രമക്കേടുകൾ അന്വേഷിക്കാൻ നിലവിലുള്ള സംവിധാനങ്ങൾ ഉപയോഗപ്പെടുത്തും എന്നുള്ളതുകൊണ്ട് ഇത്തരം ഒരു പ്രമേയത്തിന്റെ പ്രസക്തി ഇവിടെ ഉദിക്കുന്നില്ല. അതുകൊണ്ട് ഈ ഗവൺമെന്റ് നടപടികൾ സ്വീകരിക്കാൻ സന്നദ്ധമായത് കണക്കിലെടുത്തുകൊണ്ട് ശ്രീ. തമ്പാനൂർ രവി ഈ പ്രമേയം പ്രസ് ചെയ്യരുത് എന്ന് ഞാൻ അദ്ദേഹത്തോട് അഭ്യർത്ഥിക്കുന്നു.

മി. ചെയർമാൻ: ശ്രീ. എം.വി. ജയരാജൻ, അങ്ങയുടെ ഭേദഗതി പ്രസ് ചെയ്യുന്നുണ്ടോ?

ശ്രീ. എം. വി. ജയരാജൻ: പ്രസ് ചെയ്യുന്നു.

മി. ചെയർമാൻ: അനുകൂലിക്കുന്നവർ.....

പ്രതികൂലിക്കുന്നവർ.....

ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. തമ്പാനൂർ രവി, അങ്ങയുടെ പ്രമേയം പ്രസ് ചെയ്യുന്നുണ്ടോ?

ശ്രീ. തമ്പാനൂർ രവി: നിലവിലുള്ള സംവിധാനം ഉപയോഗിച്ച് അന്വേഷിക്കാമെന്ന് പറഞ്ഞതുകൊണ്ട് ഞാൻ പ്രസ് ചെയ്യുന്നില്ല.

മി. ചെയർമാൻ: സഭയുടെ അനുമതിയോടെ പ്രമേയം പിൻവലിച്ചിരിക്കുന്നു.

ശ്രീ. എം. എം. ഹസ്സൻ : സർ, ഹൗസ് അംഗീകരിക്കുകയാണെങ്കിൽ ശ്രീ. ഇ. ടി. മുഹമ്മദ് ബഷീറിന്റെ പ്രമേയം അദ്ദേഹം ഒരു മിനിട്ടിനുള്ളിൽ അവതരിപ്പിച്ചാൽ ചർച്ചയില്ലാതെ ഗവൺമെന്റിന്റെ ഭാഗത്ത് നിന്നും മറുപടി പറഞ്ഞശേഷം പാസാക്കാം.

മി. ചെയർമാൻ: ശ്രീ. ഇ. ടി മുഹമ്മദ് ബഷീർ നോട്ടീസ് നൽകിയിട്ടുള്ള പ്രമേയം അവതരിപ്പിക്കാവുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly